# Round 2:22-10-2023  Questions from Week 16 to Week 30  Malayalam

## Week -16 (2nd April 2023)

1) കുദാശയെ സൂചിപ്പിക്കാൻ പൗരസ്ത്യ സുറിയാനി  പാരമ്പര്യത്തിൽ ഉപയോഗിക്കുന്ന പദം ഏതാണ്?

റാസ.

2) റാസ എന്ന പദത്തിന് തുല്യമായ ഗ്രീക്ക് പദം ഏതാണ്?

മിസ്തേരിയോൺ.

3) മിസ്തേരിയോൺ.എന്ന പദത്തിന്റെ അർത്ഥം എന്താണ്?

രഹസ്യം.

4) പഴയ നിയമത്തിൽ എവിടെയാണ്  'രഹസ്യം ' എന്ന പദം ആദ്യമായി കാണുന്നത്?

ദാനിയേൽ 2:18, 2 :27 30, 47; 4:9 (പ്ശീത്ത വിവർത്തനം).

5) റാസാ എന്ന പദത്തിന്റെ ബഹുവചനം എന്താണ്?

രഹസ്യങ്ങൾ (റാസേ)

6) പരിശുദ്ധ രഹസ്യങ്ങളെ പറ്റി മൊപ്സുഎസ്റ്റ്യയായിലെ തെയഡോർ എന്തു പറയുന്നു?

പരിശുദ്ധ രഹസ്യങ്ങൾ സ്വർഗ്ഗീയ യാഥാർത്ഥ്യങ്ങളുടെ നിഴലാണ്. അതേസമയം വരാനിരിക്കുന്ന സ്വർഗ്ഗീയ

മഹത്വത്തിന്റെ ഉറപ്പും മുന്നാസ്വാദനവുമാണത്.

7) പരിശുദ്ധ രഹസ്യങ്ങളെ പറ്റി തിമോത്തി **രണ്ടാ**മൻ പഠിപ്പിക്കുന്നത് എന്താണ്?

മിശിഹായാലും ശ്ലീഹന്മാരാലും സ്ഥാപിതമായതും സഭയിൽ പൂർത്തിയാക്കപ്പെടുന്നതുമായ കൃപ

ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് സഭയുടെ രഹസ്യങ്ങൾ.

8) മാർ അപ്രേമിന്റെ അഭിപ്രായത്തിൽ രഹസ്യങ്ങൾ ഉൾക്കൊള്ളുന്നത് എന്ത് ?

ദൈവത്തിന്റെ ആദൃശ്യശക്തി (ഹൈല കസ്യ)

9) പുതിയ നിയമത്തിൽ എവിടെയാണ് രഹസ്യം എന്ന പദം ആദ്യം കാണുന്നത് ?

മത്തായി  13 :11

10) പുതിയ നിയമത്തിൽ എത്ര പ്രാവശ്യം രഹസ്യം എന്ന പദം പ്രത്യക്ഷപ്പെടുന്നു**ണ്ട്** ?

28 തവണ

11) രഹസ്യങ്ങളുടെ സ്വഭാവത്തെപ്പറ്റി മാർ തെയഡോർ എന്തുപറയുന്നു?

അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും അദൃശ്യവും അവാച്യവുമായ യഥാർത്ഥ്യങ്ങളുടെ സാദൃശ്യമാണ് ഓരോ കൂദാശയും. ഈ യാഥാർത്ഥ്യങ്ങൾക്ക് ഈ രഹസ്യങ്ങളോട് ഏറ്റവും അടുത്ത് നിൽക്കുന്നത് വഴിയായി ഇതിന്റെ ശക്തി അറിയുന്ന വ്യക്തിയുടെ വ്യാഖ്യാനവും അവബോധവും ആവശ്യമാണ്. പക്ഷേ അവ ദൃശ്യമായ വസ്തുക്കളാൽ രൂപപ്പെട്ടതാണെങ്കിൽ, അവയുടെ വ്യാഖ്യാനത്തിനുള്ള വാക്കുകൾ വെറുതെയാണ, കാരണം നടന്ന എല്ലാ പ്രവർത്തനങ്ങളും ഓരോന്നായി കാണിക്കാൻ കാഴ്ച തന്നെ മതിയാകും. അതിനാൽ ചിഹ്നങ്ങളുടെയും രഹസ്യങ്ങളുടെയും ശക്തിയെ വ്യാഖ്യാനിക്കാൻ വാക്കുകൾ ആവശ്യമാണ്.

12) മാർ നർസ്സായിയുടെ അഭിപ്രായത്തിൽ ആത്യന്തികമായി രഹസ്യങ്ങളുടെ കാർമ്മികനും രഹസ്യങ്ങൾ പൂർത്തീ

കരിക്കുന്നവനും ആരാണ് ?

റൂഹാദ് കൂദ്ശാ.

13) പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ പ്രധാനപ്പെട്ട കൗദാശിക ദൈവശാസ്ത്രജ്ഞന്മാർ

ആരൊക്കെയാണ് ?

മൊപ്സുഎസ്റ്റ്യയായിലെ മാർ തെയഡോർ, മാർ അഫ്രഹാത്ത്, മാർ അപ്രേം മല്പാൻ, മാർ നർസായി.

14) എന്തുകൊ**ണ്ട**ാണ് പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ കൂദാശകൾ ഏഴു എന്നു

മാത്രമായി പരിമിതപ്പെടുത്തി മനസ്സിലാക്കാത്തത്?

പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ രഹസ്യത്തെ വളരെ വിശാലമായാണ് മനസ്സിലാക്കുന്നത്. കൂടാതെ സഭയുടെ വിവിധ അനുഷ്ഠാനങ്ങളും സഭ ആഘോഷിക്കുന്ന രഹസ്യത്തിന്റെ വെളിച്ചത്തിൽ കാണുകയും മനസ്സിലാക്കുകയും ചെയ്തു. അങ്ങനെ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ ഏഴിലധികം രഹസ്യങ്ങൾ **ഉണ്ട്**.

15) ഭൂത, വർത്തമാന, ഭാവികാല സംഗമമായി രഹസ്യത്തെ പഠിപ്പിച്ചത് ആര്?

മാർ അപ്രേം.

16) പരിശുദ്ധ രഹസ്യങ്ങളിലെ പങ്കാളിത്തത്തിന് അടിസ്ഥാനമായി മാർ തെയഡോർ പഠിപ്പിച്ചത് എന്ത്?

സ്വീകർത്താവിന്റെ ഉചിതമായ മനോഭാവം വിശ്വാസിയുടെ ഭാഗത്തുനിന്ന് അനിവാര്യമാണ്. അതിന്

മിസ്റ്റഗോജി ആവശ്യമാണ് (ആരാധനക്രമ കമ്മന്ററികൾ പഠിക്കുന്നതു വഴിയായി, സഭയുടെ രഹസ്യങ്ങളിൽ

ഉള്ള പരിശീലനം).

17) തുപ്സ എന്ന വാക്കിന്റെ അർത്ഥം എന്താണ്?

പ്രതീകം.

18) എന്തുകൊ**ണ്ട**ാണ് നമ്മൾ കൂദാശകളെ രഹസ്യങ്ങൾ എന്ന് വിളിക്കുന്നത്?

നമ്മൾ വിശ്വസിക്കുന്നത് കണ്ണുകൊണ്ട് കാണുന്നതല്ല. അതുകൊ**ണ്ട്** അവയെ രഹസ്യങ്ങൾ എന്ന് വിളിക്കുന്നു.

19) പരിശുദ്ധ രഹസ്യങ്ങളുടെ കേന്ദ്ര സ്ഥാനത്ത് ആരാണ് ?

കർത്താവായ ഈശോമിശിഹാ.

20) പരിശുദ്ധ രഹസ്യങ്ങളുടെ ആത്യന്തിക ലക്ഷ്യം എന്താണ്?

മരിച്ചവരുടെ ഉത്ഥാനത്തിലും മിശിഹായുമൊത്തുള്ള ഭാവി ജീവിതത്തിലെ അമർത്യതയിലുള്ള

ഉറപ്പും.

## Week 17 ( 9th April 2023)

1) എന്തിന് നാം മാമ്മോദീസാ സ്വീകരിക്കണം?

ദൈവമക്കൾ ആകുന്നതിനും മിശിഹായുടെ രഹസ്യങ്ങളിൽ പങ്കാളികളാകുന്നതിനും.

2) പൗരസ്ത്യ സുറിയാനി സഭയിൽ മാമ്മോദീസാ നൽകിയിരുന്ന ഏറ്റം ആഘോഷമായ സന്ദർഭം ഏതാണ്?

ഈസ്റ്ററിന്റെ റംശായോടൊപ്പം. മാമ്മോദീസായ്ക്കായി ഈസ്റ്ററിന്റെ വൈകുന്നേരം വി.കുർബാനയർപ്പിച്ചിരുന്ന ഒരു പാരമ്പര്യം
**ഉണ്ട**ായിരുന്നു.

3) എന്തുകൊ**ണ്ട**ാണ് ഈസ്റ്ററിന്റെ വൈകുന്നേരം ആഘോഷമായ മാമ്മോദീസാ നടത്തിയിരുന്നത്?

ഈശോമിശിഹായിൽ മാമ്മോദീസാ സ്വീകരിച്ച നാം എല്ലാവരും അവന്റെ മരണത്തിൽ സ്നാനം സ്വീകരിച്ചുവെന്ന് നിങ്ങൾക്കറിയില്ലേ? വിശുദ്ധ പൗലോസ് റോമയിലെ സഭയ്ക്ക് എഴുതിയ കത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അവനോടൊപ്പം മരണത്തിലേക്ക് അടക്കം ചെയ്യപ്പെട്ടു. പിതാവിന്റെ മഹത്വത്തിൽ മിശിഹാ മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടതുപോലെ നമുക്കും ഒരു പുതിയ ജീവിതം നയിക്കാം(റോമ 6:45).

4) മാമ്മോദീസാഎന്ന വാക്കിന്റെ അർത്ഥം എന്താണ്?

മുങ്ങാൻ ഇടയാക്കുക, ഉൾച്ചേരാൻ ഒരു പ്രതലത്തിന് താഴേക്ക് ശക്തമായി തള്ളുക.

5) മാർതോമാ നസ്രാണി പാരമ്പര്യത്തിൽ എന്നാണ് മാമ്മോദീസാ നൽകപ്പെട്ടിരുന്നത്?

മാമ്മോദീസാ നൽകപ്പെട്ടിരുന്നത് ജനനത്തിന്റെ എട്ടാം ദിവസം.

6) മാമ്മോദീസായെ പറ്റി *'ഡിഡാക്കേ'* എന്തു പറയുന്നു?

പിതാവിന്റെയും പുത്രന്റെയും റൂഹാദ്കൂദ്ശായുടെയും നാമത്തിൽ മാമ്മോദീസാ നൽകുക. ഒഴുകുന്ന

വെള്ളത്തിൽ ആയിരിക്കണം അതല്ലെങ്കിൽ ചൂടുവെള്ളം ഉപയോഗിക്കണം. ര**ണ്ട**ുമില്ലെങ്കിൽ

വെള്ളം മൂന്നു തവണ തലയിൽ ഒഴിക്കണം.

7) മാമ്മോദീസാ ഉപവാസത്തെ പറ്റി *'ഡിഡാക്കേ'* പഠിപ്പിക്കുന്നത് എന്ത്?

സ്വീകർത്താവും കാർമ്മികനും മാമ്മോദീസായ്ക്ക് മുൻപായി ഉപവസിക്കണം.

8) തലയിൽ വെള്ളമൊഴിച്ചുള്ള മാമ്മോദീസായെ പറ്റി പ്രതിപാദിക്കുന്ന ആദ്യ രേഖ ഏതാണ്?

*'ഡിഡാക്കേ'*

9) മാമ്മോദീസായെപ്പറ്റി തെർത്തുല്യൻ എന്തു പഠിപ്പിക്കുന്നു?

പ്രാർത്ഥനയാലും ഉപവാസത്താലും സ്വീകർത്താവ് ഒരുങ്ങണം. ഒരു രാത്രി ജാഗാരണ

പ്രാർത്ഥനയിൽ ആയിരിക്കണം. തന്റെ മുൻകാല പാപങ്ങൾ  കുമ്പസാരിക്കണം.

10) മാമ്മോദീസായുടെ പൗരസ്ത്യ സുറിയാനി തക്സാ എഴുതിയത് ആരാണ്

ഈശോയാബ്  മൂന്നാമൻ.

11)  പുരാതന പാരമ്പര്യത്തിൽ വലിയ നോമ്പിലെ നാലാം ആഴ്ച മാമ്മോദീസായുമായി ബന്ധപ്പെട്ട് എന്തു സംഭവിക്കുന്നു?

വലിയ നോമ്പിലെ നാലാം ആഴ്ചയിലെ തിങ്കളാഴ്ച  സ്വീകർത്താക്കാൾ തങ്ങളുടെ രക്ഷകർത്താക്കളുമായി പള്ളിയിൽ വന്ന് തങ്ങളുടെ പേര് നൽകുന്നു. അന്നുമുതൽ ഓശാന ഞായർ വരെയുള്ള ബുധനാഴ്ചകളിൽ പള്ളിയിലെ അച്ഛന്റെ കൈവെപ്പ് സ്വീകരിക്കുന്നു.

12) വലിയ നോമ്പിലെ ഏഴാം ആഴ്ച പള്ളിയിൽ നടത്തപ്പെടുന്ന കർമ്മങ്ങൾ ഏതെല്ലാം?

മാമ്മോദീസാ സ്വീകരിക്കാൻ പോകുന്നയാൾ പള്ളിയിലെ പ്രാർത്ഥനകളിൽ പങ്കെടുക്കുകയും എല്ലാ ദിവസവും മദ്ബഹായിൽ നിന്ന്  മാമ്മോദീസാ തൊട്ടിയിലേക്ക് നടത്തുന്ന പ്രദിക്ഷണത്തിൽ പുതിയ അംഗങ്ങൾ അനുഗമിക്കുകയും ചെയ്യും.

13) മാർതോമാ നസ്രാണി  പാരമ്പര്യം അനുസരിച്ച് എപ്രകാരമാണ് മാമ്മോദീസാ നൽകിയിരുന്നത്?

കുട്ടിയെ മാമോദിസ തൊട്ടിയിൽ ഇരുത്തി കാർമ്മികൻ ഇളം ചൂടുവെള്ളത്തിൽ മുക്കുന്നു.

14) മാമ്മോദീസായിലെ വെള്ളത്തിൽ പ്രതീകാത്മയെപ്പറ്റി പ്രതിപാദിച്ച പൗരസ്ത്യ സുറിയാനി വ്യാഖ്യാതാക്കൾ

ആരെല്ലാം?

മൊപ്സുഎസ്റ്റ്യയായിലെ മാർ തെയഡോർ, മാർ നർസായി, മാർ മൂശെ ബാർ കേഫാ, മാർ അഫ്രഹാത്ത്, മാർ

അപ്രേം മല്പാൻ.

15) മാമ്മോദീസാതൊട്ടിയെപ്പറ്റി മാർ അഫ്രാഹത്ത് എന്തുപറയുന്നു?

സഭയുടെ ഗർഭപാത്രമായ മാമ്മോദീസാ തൊട്ടിയിൽ റൂഹാദ് കൂദ്ശയുടെ ശക്തിയാൽ കാർമ്മികൻ വിശ്വാസികൾക്ക് പുതുജന്മം നൽകുന്നു.

16) മാമ്മോദീസായുടെ കാർമ്മികനെ കുറിച്ച് കുറിച്ച്  മാർ അഫ്രാഹത്തും, മാർ നർസായിയും എന്തു പ്രതിപാദിക്കുന്നു?

മിശിഹായുടെയും സത്യത്തിന്റെയും പ്രഘോഷകരാണവർ

17) മാമ്മോദീസായിലെ പുതുജന്മത്തെപറ്റി  മാർ നർസായി എന്തുപറയുന്നു?

മാമ്മോദീസാ ഒരു ക**ണ്ടു**പിടിത്തമാണ്. ഇത് ദൈവം അല്ലാത്ത ഒന്നിന്റെ ക**ണ്ടെ**ത്തലാണ്,

ആത്മീയമായി വെള്ളത്തിൽ നിന്നും ശിശുക്കൾക്ക് ജന്മം നൽകുന്നു.

18) മാമ്മോദീസാ തൊട്ടിയിലെ ജന്മത്തെ പറ്റി മാർ അപ്രേം പറയുന്നത്  എന്ത് ?

റൂഹാദ്കൂദ്ശാ വെള്ളത്തിൽ ആവസിച്ച്  അതിനെ ഫലഭൂയിഷ്ഠമാക്കി. വെള്ളം ഗർഭം

ധരിച്ചു കുഞ്ഞുങ്ങൾക്ക് ജന്മം നൽകി.

19) മാമ്മോദീസാ ജലം കാർമ്മികൻ ആശിർവദിക്കുന്നതിനെപ്പറ്റി   മൊപ്സുഎസ്റ്റ്യയായിലെ

മാർ തെയഡോർ പ്രതിപാദിക്കുന്നതെന്ത്?

പുരോഹിതൻ ആശിർവദിക്കുന്നത് വെള്ളം ശക്തിയുള്ളതാക്കാനാണ്.അതിനാൽ കാർമികൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥന കൃത്യമായി ചൊല്ലണം. പുരോഹിതൻ ദൈവത്തോട് റൂഹാദ് കൂദ്ശ  വെള്ളത്തിൽ ആവസിച്ച് അതിനെ ഗർഭപാത്രമാക്കാൻ പ്രാർത്ഥിക്കുന്നു. അങ്ങനെ അത് സഭയിൽ കുഞ്ഞിന് ജന്മം നൽകുന്നു.

20) മാമ്മോദീസാതൊട്ടിക്ക് മാർ നർസായി നൽകുന്ന പ്രത്യേക പ്രതീകം എന്ത്?

വിശ്വാസികളെ വാർത്തെടുക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന ഒരു ചൂളയുമായി അതിനെ ബന്ധപ്പെടുത്തുന്നു.

## Week 18 ( 16th April 2023)

1. മാമോദീസായിലെ ജലം ആശീർവദിക്കുന്നതിനെ മാർ നർസായി എന്തിനോടാണ് താരതമ്യം ചെയ്യുന്നത്?

പുരോഹിതൻ മാമ്മോദീസാ ജലം ആശീർവദിക്കുന്നത് മൂശെ തന്റെ വടികൊ**ണ്ട്** വെള്ളത്തിലടിക്കുന്നതിന് സമാന മാണ്.

2. മൊപ്സുഎസ്റ്റ്യയായിലെ മാർ തെയഡോർ പറയുന്നതനുസരിച്ച്, വിശ്വാസികൾക്ക് ഗർഭം ധരിക്കാനും പ്രസവിക്കാനും ജലത്തെ ഗർഭപാത്രമാക്കുന്നതിന് എന്താണ് ശക്തി നൽകുന്നത്?

കഹനയുടെ (പുരോഹിതന്റെ ) റൂശ്മ (ആശീർവാദം)യിലൂടെ ജലത്തിൽ ആവസിക്കുന്ന റൂഹാദ്കൂദ്ശാ.

3. മാമോദീസയുടെ പ്രധാന കർമ്മങ്ങൾ എന്തൊക്കെയാണ്?

തൈലം ആശീർവദിക്കൽ തൈലാഭിഷേകം, ജലം ആശീർവദിക്കൽ, ജലസ്നാനം, പുതുവസ്ത്രം ധരിക്കൽ, കത്തിച്ച് തിരി നൽകൽ, കിരീടധാരണം.

4. പൗരസ്ത്യ സുറിയാനി സഭയിൽ മാമ്മോദീസായുടെ പൂർത്തീകരണത്തിന് ആവശ്യമായ ഘടകങ്ങൾ എന്തൊ

ക്കെയാണ്?

പരിശുദ്ധ സൈയ്ത്ത്, ജലം, തൈലം, പുരോഹിതൻ, പ്രാർത്ഥനകൾ.

5. മാമ്മോദീസായ്ക്ക് വെള്ളത്തിൽ തൈലം ചേർക്കണമെന്ന് വ്യക്തമാക്കുന്ന രേഖ ഏത്?

വത്തിക്കാൻ സുറിയാനി 150.

6. മാമ്മോദീസായിലെ തൈലത്തിന്റെ ആശീർവാദത്തിന്റെ പൗരസ്ത്യ സുറിയാനി പാരമ്പര്യം എന്താണ്?

ഓരോ തവണയും പുതുതായി ആശീർവദിച്ച എണ്ണ ഉപയോഗിക്കുന്നു. മ്ശംശാന പുതിയ ഒലിവ് എണ്ണ കൊ**ണ്ടു**വന്ന് മാമ്മോദീസാ കപ്പേളയിലെ മേശയിൽ വയ്ക്കുകയും ശോശാപ്പകൊ**ണ്ട്** മൂടുകയും ചെയ്യുന്നു. വിശ്വാസപ്രമാണം ചൊല്ലിയ ശേഷം, കാർമ്മികൻ പ്രാർത്ഥിക്കുകയും തുടർന്ന് വിശുദ്ധ തൈലം ( സൈയ്ത്ത്) ഉപയോഗിച്ച് അത് ആശീർവദിക്കുകയും ചെയ്യുന്നു.

7. സൈയ്ത്ത് എന്നതിന്റെ അർത്ഥമെന്താണ്?

ഒലിവ് എണ്ണ.

8. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ അഭിഷേകത്തിന്റെ വിശുദ്ധ തൈലമായി ഉപയോഗിക്കുന്ന തൈലം ഏത്?

സൈയ്ത്ത്.

9. വിശുദ്ധ സൈയ്ത്ത് കൊമ്പുകളുടെ എണ്ണ എന്നറിയപ്പെടുന്നത് എന്തുകൊ**ണ്ട്**?

കാരണം വിശുദ്ധ സൈയ്ത്ത് മൃഗങ്ങളുടെ കൊമ്പുകളിൽ സൂക്ഷിച്ചിരുന്നു, അത് ഒരു പാത്രമായി ഉപയോഗിച്ചിരുന്നു.

10 മ്ശിഹാ എന്ന പദവും അഭിഷേകത്തിനുള്ള തൈലവും തമ്മിലുള്ള ബന്ധം എന്താണ്?

മ്ശിഹാ എന്നാൽ അഭിഷിക്തൻ എന്നാണ് അർത്ഥം. മ്ഷാഹ് എന്നാൽ അഭിഷേകത്തിനുള്ള തൈലം.

11. മാമ്മോദീസായുടെ തിരുകർമ്മത്തിനായി പള്ളിയുടെ ഏത് ഭാഗമാണ് ഉപയോഗിക്കുന്നത്?

മദ്ബഹയുടെ (തെക്ക് വശം) വലതുവശത്തുള്ള ഒരു ചെറിയ ചാപ്പൽ ആയ ബേസ് മാമ്മോദീസായിലാണ് ഇത് പരികർമ്മം ചെയ്യുക.

12. മൊപ്സുഎസ്റ്റ്യയായിലെ മാർ തിയോഡോർ പറയുന്ന പ്രകാരം വിശുദ്ധ സൈയ്ത്ത് കൊ**ണ്ടു**ള്ള അഭിഷേകത്തിന് ഉപയോഗിക്കുന്ന ഫോർമുല എന്താണ്?

പിതാവിന്റെയും പുത്രന്റെയും റൂഹാദ് കൂദ്ശായുടെയും നാമത്തിൽ

13. അഭിഷേകതൈലത്തെ മൊപ്സുഎസ്റ്റ്യയായിലെ മാർ തിയോഡോർ എന്താണ് വിളിക്കുന്നത്?

ആനന്ദത്തിന്റെ തൈലം.

14. അഭിഷേകത്തെക്കുറിച്ച് മാർ അപ്രേം എന്താണ് പറയുന്നത്?

സുഖം പ്രാപിച്ച കുഷ്ഠരോഗിയെ പുരോഹിതൻ അഭിഷേകം ചെയ്യുകയും പിന്നീട് ശുചീകരണത്തിനായി വെള്ളത്തിലേക്ക് അയയ്ക്കുകയും ചെയ്തു. അങ്ങനെ, സൈയ്ത്ത് നമ്മെ മുദ്രയിടുന്നു, മാമ്മോദീസാ നമ്മെ പരിപൂർണ്ണമാക്കുന്നു. റൂഹാദ് കൂദ്ശായുടെയുടെ ആവാസത്താൽ നമ്മൾ പരിശുദ്ധ ത്രിത്വത്തിന്റെ ജീവനിലേക്ക് പ്രവേശിക്കുന്നു. കൂടാതെ പരിശുദ്ധ സഭയിലേക്ക് പ്രവേശിച്ച് പോഷണം നേടുകയും ചെയ്യുന്നു.

15. പൗരസ്ത്യ സുറിയാനി മാമ്മോദീസായിൽ പാരായണം ചെയ്യപ്പെടുന്ന ര**ണ്ട്** വലിയ കറോസൂസയുടെ
രചയിതാക്കൾ ആരാണ്?

മാർ ബാർസൗമായും, മൊപ്സുഎസ്റ്റ്യയായിലെ മാർ തിയോഡോറും.

16. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ മാമ്മോദീസായിൽ ഉപയോഗിക്കുന്ന (ഫോർമുല)വാക്യം എന്താണ്?

'പിതാവിന്റെയും പുത്രന്റെയും റൂഹാദ് കൂദ്ശായുടെയും നാമത്തിൽ, .... മാമ്മോദീസാ മുക്കപ്പെടുന്നു.

17. 'ഞാൻ നിങ്ങളെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസാ മുക്കുന്നു.എന്ന വാക്യം റോമൻ കത്തോലിക്കാ സഭയിലെ പോലെ പൗരസ്ത്യ സുറിയാനി സുറിയാനി മാമ്മോദീസായിൽ ഉപയോഗിക്കാത്തത് എന്തുകൊ**ണ്ട്**?

പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രമനുസരിച്ച്, മാമ്മോദീസാ നടത്തുന്നത് പുരോഹിതനല്ല, പരിശുദ്ധ ത്രിത്വമാണ്.

18. മാമ്മോദീസായുടെ ഫോർമുലയെക്കുറിച്ച് മാർ നർസായി എന്താണ് പറയുന്നത്?

പുരോഹിതനല്ല മാമ്മോദീസാ നൽകുന്നത് പരിശുദ്ധ ത്രിത്വമാണ് മാമ്മോദീസാ നൽകുന്നത്. പാപമോചനം പരി ശുദ്ധ ത്രിത്വത്തിന്റെ നാമത്തിലാണ്, അല്ലാതെ ഒരു മനുഷ്യന്റെ പേരിലല്ല.

19. മാമ്മോദീസായുടെ കുദാശയിലെ പ്രധാന ഭാഗങ്ങൾ ഏതൊക്കെയാണ്?

ദേവാലയ പ്രവേശനം, മൂന്ന് അഭിഷേകങ്ങൾ, മാമ്മോദീസാ ജലത്തിൽ മുക്കൽ, പുതിയ വസ്ത്രങ്ങൾ സ്വീകരിക്കൽ, കിരീടധാരണം, കത്തിച്ച മെഴുകുതിരി സ്വീകരിക്കൽ, ബേസ് മാമ്മോദീസായിൽ നിന്ന് മദ്ബഹായുടെ മുന്നിലേക്ക് ഘോഷയാത്ര, കർത്താവിന്റെ പ്രാർത്ഥന, വിശ്വാസ പ്രഖ്യാപനം വിശുദ്ധ കുർബാനയുടെ സ്വീകരണം, മാമ്മോദീസാ തൊട്ടിയിലെ മാമോദിസ ജലം പൂർവ്വ സ്വഭാവത്തിലേക്ക് ആക്കി അഴിച്ചുവിടൽ.

20. വിശുദ്ധ സൈയ്ത്തും വിശുദ്ധ മൂറോണും തമ്മിലുള്ള വ്യത്യാസം എന്താണ്?

പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ മാത്രമാണ് വിശുദ്ധ സൈയ്ത്ത് ഉപയോഗിക്കുന്നത്. ഇത് കൂദാശചെയ്യപ്പെടുന്നില്ല, വിശുദ്ധ മൂറോൺ എല്ലാ വർഷവും പാത്രിയാർക്കീസ് അല്ലെങ്കിൽ രൂപ താ മെത്രാൻ തയ്യാറാക്കി കൂദാശ ചെയ്യുന്നു.

## Week - 19 ( 23rd April 2023)

1. മാമോദീസായിലെ കിരീടധാരണം എന്തിന്റെ പ്രതീകമാണ്?

വ്യക്തി സഭയിൽ വിശുദ്ധിയുടെയും സന്തോഷത്തിന്റെയും മഹത്വത്തിന്റെയും പുതിയ ജീവിതം ആരംഭിക്കുന്നു. അതു കൊ**ണ്ട്** വ്യക്തിയെ മാമോദീസയിൽ കിരീടം ധരിപ്പിക്കന്നു. വ്യക്തിക്ക് ദൈവരാജ്യത്തിൽ ഒരു അനന്തരാവകാശവും ലഭിക്കുന്നു.

2.മാമോദീസ സ്വീകരിച്ച വ്യക്തിക്ക് ലഭിക്കുന്ന കത്തിച്ച മെഴുകുതിരി എന്തിന്റെ പ്രതീകമാണ്?

കത്തിച്ച മെഴുകുതിരികളുമായി വരന്റെ വരവിനായി കാത്തിരുന്ന ജ്ഞാനികളായ കന്യകമാരെ ഇത് പ്രതിനിധീകരിക്കുന്നു. പാപത്തിന്റെയും അജ്ഞതയുടെയും അന്ധകാരം നീങ്ങി ദൈവിക അറിവാകുന്ന പ്രകാശത്തിലേക്ക് വരുന്നു. ദൈവത്തിന്റെ വിളിക്കായി എപ്പോഴും സജ്ജരായിരിക്കണമെന്ന മുന്നറിയിപ്പും ഇത് നൽകുന്നു. ലോകത്തിന്റെ വെളിച്ചമായ മിശിഹായെയും ഇത് പ്രതിനിധീകരിക്കുന്നു.

3. മാമോദീസയ്ക്കുശേഷം മദ്ബഹായിലേക്കുള്ള പ്രദിക്ഷണം എന്തിനെ പ്രതിനിധീകരിക്കുന്നു?

മാമോദീസയിലൂടെ വ്യക്തിക്ക് ദൈവരാജ്യത്തിൽ ഒരു അവകാശം ലഭിക്കുന്നു.

4. മാമോദീസയിലെ വിശ്വാസപ്രമാണത്തിന്റെ ചൊല്ലൽ എന്താണ് സുചിപ്പിക്കുന്നത് ?

മാമോദീസ സ്വീകരിച്ച വ്യക്തി സ്വീകരിക്കുന്നതും ഉറപ്പിക്കുന്നതമായ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ. വിശ്വാസത്തിന്റെ കുദാശയായ മാമോദീസാ വിശ്വാസത്തിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്.

5. മാമോദീസയിലെ കർത്തൃപ്രാർത്ഥനയുടെ പ്രാധാന്യം എന്താണ്?

മാമോദീസയിലൂടെ, കർത്താവിനെ പിതാവെന്ന് വിളിക്കാനുള്ള സ്വാതന്ത്ര്യം വ്യക്തിക്ക് ലഭിക്കുന്നു.

6. എന്താണ് മാപ്ര?

മാമോദീസായിൽ കാർമ്മികൻ ധരിക്കുന്ന ഒരു വെളുത്ത ആരാധനാക്രമ വസ്ത്രമാണിത്. ഇത് പൈനയ്ക്ക് (കാപ്പ) തുല്യമാണ്.

7. എന്തുകൊ**ണ്ട**ാണ് പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ സ്ഥൈര്യലേപനത്തിന്റെ പ്രത്യേക റാസ (കൂദാശ) ഇല്ലാത്തത്?

മാമോദീസയുടെ ഭാഗമായുള്ള അഭിഷേകമായാണ് ഇത് ചെയ്യുന്നത്. ഈ അഭിഷേകത്തിലൂടെ മാമോദിസാ മുക്കപ്പെട്ട വ്യക്തി റൂഹാദ്കൂദ്ശായുടെ ദാനത്തിലൂടെ പരിപൂർണ്ണനാക്കപ്പെടുന്നു.

8. അഭിഷേകത്തെക്കുറിച്ച് അർബേലയിലെ മാർ ഗിവർഗീസ് എന്താണ് അഭിപ്രായപ്പെടുന്നത്?

തൈലം കൊ**ണ്ട**ുള്ള അഭിഷേകം നമ്മുടെ കർത്താവിന്റെ മാമോദീസയാണ്, അത് റൂഹാദ്കൂദ്ശാ നൽകിയതാണ്. വെള്ളത്തിൽ മുക്കുക മാർ യോഹന്നാൻ മാംദാന നൽകിയ മാമോദീസയാണ്. മാമോദീസയുടെ സ്ഥിരീകരണം ജലസ്നാനത്തിനു ശേഷമുള്ള തൈലാഭിഷേകത്തിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ .

9. സാധാരണ വസ്ത്രം നീക്കം ചെയ്യുന്നതും വെളുത്ത വസ്ത്രങ്ങൾ സ്വീകരിക്കുന്നതും എന്തിനെ പ്രതിനിധീകരിക്കുന്നു?

പഴയ മനുഷ്യൻ നീക്കം ചെയ്യപ്പെടുകയും മാമോദീസയ്ക്ക് ശേഷം പുതിയ മനുഷ്യനാകുകയും ചെയ്യുന്നു. മാമോദീസയെ സ്വീകരിക്കുന്ന ഒരാൾ മിശിഹായിൽ ഒരു പുതിയ സൃഷ്ടിയായി മാറുന്നു .

10. മാമോദീസായിലെ വെള്ള വസ്ത്രത്തെ മാർ അപ്രേം എന്താണ് വിളിക്കുന്നത്?

മഹത്വത്തിന്റെ വസ്ത്രം

11. മാർ അഫ്രഹാത്തത്തിന്റെ അഭിപ്രായത്തിൽ ക്രിസ്ത്യാനിയും അക്രൈസ്തവനും തമ്മിലുള്ള വ്യത്യാസം എന്താണ്?

എല്ലാവർക്കും ശരീരവും ആത്മാവും **ഉണ്ട്**, എന്നാൽ ഒരു ക്രിസ്ത്യാനിക്ക് ശരീരവും ആത്മാവും റൂഹാദ്കൂദ്ശായും **ഉണ്ട്**.

12. മാർ അപ്രേമിന്റെ അഭിപ്രായത്തിൽ എന്തുകൊ**ണ്ട**ാണ് ഒരു ക്രിസ്ത്യാനി ദാവീദ് രാജാവിനെക്കാൾ വലിയവനായിരിക്കുന്നത്?

മാർ അപ്രേമിന്റെ അഭിപ്രായത്തിൽ ദാവീദ് രാജാവ് അഭിഷിക്തനായപ്പോൾ റൂഹാദ്കൂദ്ശാ മാത്രമാണ് അദ്ദേഹത്തിൽ വന്ന് വസിച്ചത്. പക്ഷേ ഒരു ക്രിസ്ത്യാനിയുടെ അഭിഷേകത്തിൽ റൂഹാദ്കൂദ്ശായും പിതാവും പുത്രനും ആ വ്യക്തിയിൽ വന്ന് വസിക്കുന്നു.

13. മാമോദീസയെക്കുറിച്ച് ലഭ്യമായ ഏറ്റവും പഴയ കിഴക്കൻ സുറിയാനി (പൗരസ്ത്യ സുറിയാനി ) വ്യാഖ്യാനം ഏതാണ്?

തെഷ്മേഷ്താ നുഹറ ദ് എഡ്തനയ്ത (പ്രകാശത്തിന്റെ സഭാശുശ്രൂഷ).

14. തേഷ്മേഷ്താ നുഹറ ദ് എഡ്തനയ്തയുടെ ഉള്ളടക്കം എന്താണ്?

പൗരസ്ത്യ സുറിയാനി സഭയുടെ വിവിധ ആരാധനാക്രമ ശുശ്രൂഷകളുടെ ആരാധനാക്രമവും ദൈവശാസ്ത്രപരവുമായ അർത്ഥങ്ങൾ വിശദീകരിക്കുന്ന ഏഴ് മെമ്റേ (സുറിയാനിയിലെ കാവ്യപാഠം) ഇതിൽ അടങ്ങിയിരിക്കുന്നു. അവ മാർ ഈശോയാബ് മൂന്നാമന്റെ ആരാധനാക്രമ നിർദ്ദേശങ്ങളുടെ വിശദീകരണങ്ങളാണ്.

15. മാമോദീസയിൽ ലഭിച്ച വെള്ള വസ്ത്രത്തെ മാർ അഫ്രഹത്ത് എന്താണ് വിളിക്കുന്നത്?

അനശ്വര വസ്ത്രം (1 കോറി. 15: 5354).

16. മാർ അഫ്രഹത്ത് മാമോദീസയെ എന്താണ് വിളിക്കുന്നത്?

റൂശ്മ ദ് ഹയ്യേ (ജീവന്റെ അടയാളം).

17. മാർ നർസായിയുടെ ഏത് ഹോമിലികളാണ് മാമോദീസയുടെ കർമ്മങ്ങളെകുറിച്ച് പഠിപ്പിക്കുന്നത്?

ഹോമിലി XXI- XXII

18. മാമോദീസയുടെ പൗരസ്ത്യ സുറിയാനി തക്സ സമാഹരിച്ചത് ആരാണ്?

മാർ ഈശോയാബ് മൂന്നാമൻ. (650 658)

19. പൗരസ്ത്യ സുറിയാനി സഭയിൽ ശിശു മാമോദീസയെ അവതരിപ്പിച്ചത് ആരാണ്?

മാർ ഈശോയാബ് മൂന്നാമൻ.

20. മാമോദീസാർത്ഥികൾ പാതിനോമ്പിലെ തിങ്കളാഴ്ച്ച വന്ന് പേര് രജിസ്റ്റർ ചെയ്യണമെന്ന് ആരാണ് നിയന്ത്രണം ഏർപ്പെടുത്തിയത്?

മാർ ഈശോയാബ് മൂന്നാമൻ.

Week - 20( 30 th April 2023)

1. മാമോദീസാർത്ഥിയെ കഹ്ന (പുരോഹിതൻ) റൂശ്മ (ശരീരത്തെ കുരിശിന്റെ അടയാളത്തിൽ വിശുദ്ധീകരിക്കുന്നു) ചെയ്യുന്നതിനുമുമ്പ് വെള്ളം ഒഴിക്കണമെന്ന് മാർ ഈശോയാബ് മൂന്നാമൻ പഠിപ്പിക്കുന്നത് എന്തുകൊണ്ട്?

തന്റെ മാമോദിസ വേളയിൽ മിശിഹാ പ്രവേശിച്ച യോർദ്ദാൻ ജലത്തിന്റെ പ്രതീകമാണ് ജലം. മാർ യോഹന്നാൻ മാമ്ദാനയുടെ (യോഹന്നാൻ സ്നാപകൻ) വെള്ളത്തിലെ മാമോദീസായെ മിശിഹായുടെ മാമോദീസാ (റൂഹാദ്കൂദ്ശായിലെ മാമോദീസാ) പരിപൂർണ്ണമാക്കിയിരിക്കുന്നു.

2. മെഴുകുതിരികൾ, മക്സനിസാ, ധൂപം എന്നിവയ്ക്കൊപ്പം രണ്ട് മ്ശംശാനമാരൊട് ചേർന്നുള്ള തിളങ്ങുന്ന വസ്ത്രങ്ങളിലുള്ള കഹ്നയുടെ പ്രവേശനം എന്തിന്റെ പ്രതീകമാണ്?

അലാഹ അബ്രഹാമിനും മൂശെയ്ക്കും (മോസസ്)പ്രത്യക്ഷപ്പെട്ടതിന്റെ പ്രതീകമാണ് ഇത്. (പൗരസ്ത്യ സുറിയാനിയിൽ അബ്രഹാം എന്നത് അവ്രഹാം എന്നാണ് ഉച്ചരിക്കുന്നത്. അതുകൊണ്ടാണ് അവറാൻ/അവ്രാച്ചൻ എന്നീ മലയാളം പേരുകൾ, നമുക്കുള്ളത്). മാമോദിസാ സ്വീകരിച്ച വ്യക്തി പ്രവേശിച്ച സ്വർഗ്ഗരാജ്യത്തിന്റെ സന്തോഷത്തിന്റെയും മഹത്വത്തിന്റെയും പ്രതീകമാണ് കഹ്നയുടെ തിളങ്ങുന്ന വസ്ത്രം.

3. 9 ാം നൂറ്റാണ്ടിലെ പ്രശസ്ത അജ്ഞാത പൗരസ്ത്യ സുറിയാനി എഴുത്തുകാരൻ ജോർജ്ജ് ഓഫ് അർബെൽ വൈദികന്റെ തലയിൽ മപ്ര/വെളുത്ത ഹുഡ് ഇട്ടതിനെ കുറിച്ച് എന്താണ് പറയുന്നത്?

ആദാമിന്റെ പാപം നിമിത്തം കറുത്തിരുന്ന ആദിപാപത്തിൽ നിന്ന് അവൻ ഇതിനകം വെളുപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

4. മാമോദിസായിൽ പള്ളിയുടെ **പ്രവേശന കവാടത്തിൽ വച്ച് നടത്തപ്പെടുന്ന** റൂശ്മ (ശരീരത്തിൽ കുരിശിന്റെ അടയാളം കൊണ്ടുള്ള വിശുദ്ധീകരണം)/ ആദ്യത്തെ റൂശ്മ (റൂശ്മ ഖദ്മയ) എങ്ങനെയാണ് ചെയ്യുന്നത്?

ചൂണ്ടുവിരൽ **തൈലത്തിൽ** മുക്കി, മാമോദീസാർത്ഥിയുടെ നെറ്റിയിൽ താഴെ നിന്ന് മുകളിലേക്കും വലത്തുനിന്ന് ഇടത്തേക്കും സ്ലീവ വരയ്ക്കുന്നു.

5. ആദ്യത്തെ റൂശ്മയുടെ പ്രതീകാത്മകത എന്താണ്?

അത് അബ്രഹാമിന്റെ വിളിയോട് താരതമ്യപ്പെടുത്തുന്നു.

6. സ്നാപന റൂശ്മ / രണ്ടാം റൂശ്മ (ങ്'വെശവൗമെ റ്'മാശറല) എങ്ങനെയാണ് ചെയ്യുന്നത്?

പുരോഹിതൻ തന്റെ വലതുകൈയുടെ നടുവിലെ മൂന്ന് വിരലുകൾ എണ്ണയിൽ മുക്കി മാമോദീസാർത്ഥിയുടെ നെഞ്ചിൽ മുകളിൽ നിന്ന് താഴേക്കും വലത്തുനിന്ന് ഇടത്തോട്ടും സ്ലീവ വരയ്ക്കുന്നു.

7. ര**ണ്ടാ**മത്തെ റൂശ്മയുടെ പ്രതീകാത്മകത എന്താണ്?

ഇത് പഴയനിയമത്തിലെ മാൽക്കെയുടെ (രാജാക്കന്മാർ) അഭിഷേകത്തിന്റെ പ്രതീകമാണ്. ര**ണ്ടാ**മത്തെ റൂശ്മയുടെ സുറിയാനി പ്രാർത്ഥന അതിന്റെ അർത്ഥം ചൂ**ണ്ടി**ക്കാണിക്കുന്നു.അവൻ ത്രിത്വത്തിന്റെ അറിവ് ഹൃദയത്തിൽ പതിപ്പിക്കുന്നു, ഉന്നതത്തിൽ നിന്നും ഇത് സമ്മാനമായി നല്കപ്പെടുന്നു.

8. സ്നാനത്തിനു ശേഷമുള്ള റൂശ്മ /മൂന്നാം റൂശ്മ  എങ്ങനെയാണ് ചെയ്യുന്നത്?

തള്ളവിരൽ കൊ**ണ്ട്** കുട്ടിയുടെ നെറ്റിയിൽ താഴെ നിന്ന് മുകളിലേക്കും വലത്തുനിന്ന് ഇടത്തോട്ടും സ്ലീവ വരക്കുന്നു.

9. പ്രവേശക കൂദാശകളിൽ മൂന്നാമത്തെ റൂശ്മയുടെ പ്രതീകാത്മകത എന്താണ്?

റൂഹാദ്കൂദ്ശായുടെ പൂർണതയിലുള്ള ഈശോയുടെ മാമോദീസാ. മാമോദിസായ്ക്ക് ശേഷം മിശിഹാ ജലത്തിൽ നിന്നും കയറിയപ്പോൾ പ്രാവിന്റെ രൂപത്തിൽ മിശിഹായുടെ മേൽ ഇറങ്ങിവന്ന റൂഹാദ്കൂദ്ശായുമായി മാമോദിസ മുങ്ങിയ വ്യക്തി ഐക്യപ്പെട്ടിരിക്കുന്നതിന്റെ പ്രതീകം.

10. അജ്ഞാത എഴുത്തുകാരന്റെ അഭിപ്രായത്തിൽ, മാമോദീസാർത്ഥിയെ  എണ്ണ ഉപയോഗിച്ച് അടയാളപ്പെടുത്തുന്നതിനെ എന്തിനോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്?

അബ്രഹാമിന് നൽകിയ വാഗ്ദാനത്തോട്. മിശിഹായുടെ മാമോദിസായിലെപ്പോലെ റൂഹാദ്കൂദ്ശായാലുള്ള പരിപൂർണ്ണതയോട്.

11. 9 ാം നൂറ്റാ**ണ്ടി**ലെ അജ്ഞാത എഴുത്തുകാരന്റെ അഭിപ്രായത്തിൽ, മാമോദീസായിലൂടെയുള്ള യാത്രയെ എന്തിനോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്?

അബ്രഹാമിൽ നിന്ന് പെന്തക്കോസ്താ വരെയുള്ള രക്ഷാപദ്ധതിയിലൂടെയുള്ള ഒരു യാത്രയാണിത്. (അബ്രഹാമിന്റെ വിളി ആദ്യ ക്ഷണമാണ്. പെന്തക്കോസ്ത പരിപൂർണ്ണതയാണ്.)

12. നെറ്റിയിലെ റൂശ്മ എന്തിനെ പ്രതിനിധാനം ചെയ്യുന്നു?

സാത്താനിൽനിന്ന്   ഒരു മനുഷ്യനെ മോചിതനാക്കുന്നതിന്റെ ആചാരവുമായി ബന്ധപ്പെട്ടാണ്   ഇത് നടത്തുന്നത്. മാമോദീസാർത്ഥിയുടെ മേൽ സാത്താന് അധികാരമില്ലെന്ന് ഇത് കാണിക്കുന്നു. മാമോദീസാർത്ഥി മിശിഹായുടെ സ്വത്താകുന്നു.

13. നെറ്റിയിൽ അടയാളപ്പെടുത്തുന്നതിനെക്കുറിച്ച് മാർ നർസായി എന്തു പറയുന്നു?

പീഡകൻ മനുഷ്യന്റെ തലയിൽ ദൈവത്തിന്റെ ചായ കാണത്തക്ക രീതിയിൽ പുരോഹിതൻ മനുഷ്യന്റെ   മുഖത്ത് ഒരു കവചം പോലെ മൂന്നു പേരുകൾ വരയ്ക്കുന്നു. പിശാചിന് പരിഭ്രമം **ഉണ്ടാ**കാനാണ് നെറ്റിയിൽ അടയാളപ്പെടുത്തുന്നത്. രാജാക്കന്മാരുടെ രാജാവിന്റെ മഹത്തായ ബ്രാൻഡിനാൽ അവർ മുദ്രയിടപ്പെടുന്നു. മാലാഖമാരുടെയും മനുഷ്യരുടെയും മുമ്പിൽ പ്രകാശിക്കാൻ മാമോദിസ സ്വീകരിച്ചവരുടെ നെറ്റിയിൽ ആത്മീയ മുദ്ര സ്വീകരിക്കുന്നു.

14.  ബേസ് മാമോദിസായുടെ  പര്യായപദം എന്താണ്?

ബേസ് അമാദ

15. ബേസ് മാമോദീസായുടെ പ്രതീകാത്മകത എന്താണ്?

യോർദാൻ നദി (ജോർദാൻ).

16. ബേസ് മാമോദീസായിലെ മേശ (ബലിപീഠം) എവിടെയാണ്?

ബേസ് മാമോദീസായിൽ ഇടതുവശത്ത്.

17. എന്തുകൊ**ണ്ടാ**ണ് മാമോദീസായെ മറ്റ് റാസകളുടെ അടിസ്ഥാനം എന്ന് വിളിക്കുന്നത്?

കാരണം മറ്റ് റാസകളിൽ പങ്കെടുക്കാൻ മാമോദീസാ അനിവാര്യമാണ്.

18. മാമോദീസാ മറ്റ് റാസകളുടെ അടിസ്ഥാനമാണ് എന്നതിനെക്കുറിച്ച് അജ്ഞാത എഴുത്തുകാരൻ എന്ത് പറയുന്നു?

മാമോദീസാ വിശുദ്ധ രഹസ്യങ്ങളിലേക്കുള്ള ഒരു വലിയ വാതിലാണ്, ഈ വാതിലിലൂടെ പ്രവേശിക്കുന്നവർക്ക് മാത്രമേ മിശിഹായുടെ ശരീരവും രക്തവും സ്വീകരിക്കാൻ അർഹതയുള്ളൂ.

19. മാമോദീസാ സ്വീകരിച്ചവർ മാത്രമേ മിശിഹായുടെ ശരീരവും രക്തവും സ്വീകരിക്കാവൂ എന്ന് പഠിപ്പിക്കുന്ന പൗരസ്ത്യ സുറിയാനി പിതാക്കന്മാർ ആരാണ്?

മാർ നർസായി, മാർ അമ്മനുവേൽ ബാർ സഹാരെ, മാർ യോഹന്നാൻ ബാർ സോബി.

20. മ്ദബ്രാനൂസ എന്ന സുറിയാനി പദത്തിന്റെ  അർത്ഥം എന്താണ് ?

ദൈവിക രക്ഷാപദ്ധതി

## Week - 21( 7th May 2023)

1. പുരോഹിതൻ മാമോദീസായുടെ കർമ്മത്തിൽ എപ്പോഴാണ് തൈലം ഭരണിയിൽ ഒഴിക്കുന്നതും ബലിപീഠത്തിൽ വച്ച് ശോശപ്പ കൊണ്ട് മൂടുന്നതും?
ഓനീസാ ദ്റാസേയുടെ സമയത്ത്.

2. ബർ ശ്ഹറേയുടെ അഭിപ്രായത്തിൽ ഭരണിയിലെ തൈലത്തിന്റെ പ്രതീകം എന്താണ്?
തൈലം സ്ലീവായിലെ ഈശോ മിശിഹായെ സൂചിപ്പിക്കുന്നു. അത് വെള്ളത്തിൽ ഒഴിക്കുന്നത് ആദത്തിന്റെ മക്കളെ രക്ഷിക്കാനുള്ള ഈശോയുടെ ഷിയോളിലേക്കുള്ള അവരോഹണത്തെയും സൂചിപ്പിക്കുന്നു.

3. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് പരിശുദ്ധ മാമോദീസായുടെ കർമ്മത്തിൽ തൈലം ആശിർവ്വാദത്തിന് എത്ര ഗ്ഹാന്താ പ്രാർത്ഥനകളുണ്ട്?
മൂന്ന് ഗ്ഹാന്താ പ്രാർത്ഥനകൾ.

4. മാമോദീസായിലെ രണ്ടാം ഗ്ഹാന്താ എന്താണ് പറയുന്നത്?
മിശിഹായിലുള്ള നമ്മുടെ ദത്തുപുത്രസ്ഥാനം, പാപകരമായ വികാരങ്ങളിൽ നിന്നുള്ള വിടുതല്ലും, സ്വർഗ്ഗീയ സൈന്യത്തിന്റെ സന്തോഷവും

5. ഉറുമി തക്സായിലെ മാമോദീസയുടെ കർമ്മത്തിലെ മൂന്നാം ഗ്ഹാന്തായിൽ എന്താണ് പ്രതിപാദിച്ചിരിക്കുന്നത്?
തൈലം ആശീർവ്വദിക്കുവാനുള്ള അഭ്യർത്ഥനയോടുകൂടി  തൈലം അടയാളപ്പെടുത്തുന്നു, ആശീർവ്വദിക്കുന്നു. പരിശുദ്ധ മൂറോനുമായി ചേർക്കുന്നു.

6. മാമോദീസായിൽ തൈലത്തിന്റെ കൂദാശയിൽ എവിടെയാണ് മുഖവുര സംഭാഷണം സ്ഥാപിച്ചിരിക്കുന്നത്?
ആദ്യ ഗ്ഹാന്തായ്ക്കും രണ്ടാം ഗ്ഹാന്തയ്ക്കും ഇടയിൽ.

7. പ്രാരഭാ കൂദാശകളുടെ ആശീർവ്വാദ്ദത്തിൽ എത്ര റുശ്മകൾ ഉണ്ട്?
മൂന്ന് റുശ്മകൾ.

8. മൂന്നാം റുശ്മ കഹ്ന (പുരോഹിതൻ) എപ്രകാരമാണ് നടത്തുന്നത്?
തള്ള വിരൽ കൊണ്ട് നെറ്റിയിൽ താഴെനിന്ന് മുകളിലേക്കും വലത്തുനിന്ന് ഇടത്തോട്ടും.

9. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച്  പുതു തൈലത്തോട് എന്താണ് ചേർക്കപ്പെടുന്നത്?
കൊമ്പിലെ തൈലം.

10. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച്, വെള്ളത്തിന്റെ ആശീർവ്വാദത്തിൽ തൈലം എങ്ങനെയാണ് വെള്ളത്തിൽ ഒഴിക്കുന്നത്?
വിശുദ്ധ സ്ലീവയുടെ അടയാളത്തിൽ.

11. പുതുതായി മാമോദീസ സ്വീകരിച്ചവർക്ക് നല്കിയ വസ്ത്രത്തേക്കുറിച്ച് മൊപ്സൂഎസ്റ്റിയായിലെ മാർ തെയഡോർ എന്താണ് പറയുന്നത്?
പുതുതായി മാമോദീസാ സ്വീകരിച്ചവർ വെള്ളത്തിൽ നിന്നു പുറത്തു വരുന്നു. അത് പ്രതീകാത്മകമായി വരാനിരിക്കുന്ന ലോകത്തെ സൂചിപ്പിക്കുന്നു. അത് പ്രകാശപൂരിതമാണ്. അതോടൊപ്പം മുമ്പ് അടയാളങ്ങളിലൂടെ കടന്നുപോയ ജീവിതത്തേയും അതു സൂചിപ്പിക്കുന്നു. ക്രൈസതവർക്ക് അവരുടെ ഉത്ഥാനം വരെ ഈ പ്രതീകാത്മക വസ്ത്രം ആവശ്യമാണ്. ഉത്ഥാനശേഷം അവർക്ക് അമർത്യതയുടെയും സന്തോഷത്തിന്റെയും വസ്ത്രം യഥാർത്ഥത്തിൽ സ്വന്തമാക്കാൻ കഴിയും.

12. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ പുതുതൈലം അധികമായി വന്നാൽ എന്തു ചെയ്യും?
അത് മാമോദീസ തൊട്ടിയിലേക്ക് വെള്ളത്തിലേക്ക് ഒഴിക്കും.

13. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് മാമോദീസായിലെ അവസാന കർമ്മം എന്താണ്?
വെള്ളത്തിന്റെ പരിശുദ്ധി ഒഴിവാക്കൽ.

14. വെള്ളത്തിന്റെ പരിശുദ്ധി ഒഴിവാക്കൽ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
മാമോദീസായിക്ക് ഉപയോഗിച്ച വിശുദ്ധ വെള്ളത്തിന്റെ പരിശുദ്ധി നീക്കം ചെയ്യുകയും അത് പുറത്ത് ഒഴിക്കുന്നതിന് മുമ്പ് അതിന്റെ യഥാർത്ഥ അവസ്ഥയിലേക്ക് മടങ്ങുകയും ചെയ്യുന്നു.

15. എന്തുകൊണ്ടാണ്  വെള്ളത്തിന്റെ പരിശുദ്ധി ഓഴിവാക്കൽ ആവശ്യമായിവരുന്നത്?
പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ വിശുദ്ധീകരിക്കപ്പെട്ട തൈലത്തിനും ജലത്തിനും വളരെ ഉയർന്ന പവിത്രത നൽകുന്നു.

16. പൗരസ്ത്യ സുറിയാനി പിതാക്കന്മാരുടെ ഭാഷ്യത്തിൽ ജലം എന്താണ് സൂചിപ്പിക്കുന്നത്?
പ്രാകൃത ജലം (ഉത്: 1:2), വിശ്രമത്തിന്റെ ജലം (സങ്കീ: 23:2) ജോർദാനിലെ ജലം, കല്ലറ (റോമ: 6:45), ആത്മീയ ഉദരം (യോഹ: 3:4), മിശിഹായുടെ വലതു വശത്തു നിന്ന് ഒഴുകിയ ജലം, ചൂള

17. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ മാമോദീസായിലെ രണ്ടാമത്തെ അടയാളം എപ്രകാരമാണ് ചെയ്യുന്നത്?
നടുവിലെ മൂന്നു വിരലുകൾ ഉപയോഗിച്ച് സ്ലീവായുടെ അടയാളത്തിൽ ആദ്യം നെഞ്ചിലും പിന്നീട് ശരീരം മുഴുവനും.

18. ആദ്യ അടയാളത്തിന്റെ സുറിയാനി പദം എന്താണ്?
ആത്താ, റുശ്മ കദ്മായ

19. രണ്ടാമത്തെ അടയാളത്തിന്റെ സുറിയാനി പദം എന്താണ്?

Week - 22( 14th May 2023)

1. എന്തുകൊണ്ടാണ് മാമോദീസായിൽ റുശ്മകൾ ഉള്ളത്?

- അതു നമ്മുടെ പരിശുദ്ധത്രിത്വത്തിലുള്ള വിശ്വാസം വെളിപ്പെടുത്തുന്നു
- നമ്മുടെ കർത്താവ് മരണം മുതൽ ഉത്ഥാനം വരെ മൂന്ന് ദിവസം മരിച്ചവരോടൊപ്പമായിരുന്നു.
- ശ്ലീഹന്മാരുടെ പ്രതിനിധിയായി പത്രോസ് ശ്ലീഹാ മൂന്ന് പ്രാവശ്യം വിശ്വാസപ്രഖ്യാപനം നടത്തിയതിനെയും ഇതു സൂചിപ്പിക്കുന്നു.

2. മാമോദീസായിലെ റുശ്മയെ എത്രപ്രാവശ്യം നാം വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുന്നു?
രണ്ടു പ്രാവശ്യം.

3. മാമോദീസായിലെ റുശ്മയെ വിശുദ്ധ കുർബാനയിൽ ആദ്യം അനുസ്മരിക്കുന്നതെവിടെയാണ്?
ഓനീസാ ദ് റാസേയ്ക്കു മുൻപുള്ള മ്ശംശാനയുടെ കാറോസൂസായിൽ. (മാമോദീസ സ്വീകരിച്ചിട്ടില്ലാത്തവർക്കു പോകാം. ജീവന്റെ അടയാളം സ്വീകരിച്ചിട്ടിലാത്തവർക്കു പോകാം. വിശുദ്ധ കുർബാന സ്വീകരിക്കുന്നില്ലാത്തവർക്കു പോകാം.)

4. വിശുദ്ധ കുർബാനയിലെ നാലാം ഗ്ഹാന്തായിൽ മാമോദീസയിലെ റുശ്മ അനുസ്മരിക്കുമ്പോഴുള്ള റുബ്രിക്സ് എന്താണ്?
മദ്ബഹായിൽ പരിശുദ്ധ സ്ലീവായുടെ അടയാളം കഹന (പുരോഹിതൻ) വരയ്ക്കുന്നു. (ഈ റുശ്മ മാത്രം മാമോദീസയിലേപ്പോലെ താഴെ നിന്ന് മുകളിലേക്ക് ചെയ്യുന്നു)

5. കഹ്നൂസ എന്ന വാക്കിന്റെ അർത്ഥം എന്താണ്?
പൗരോഹിത്യം.

6. എപ്രകാരമാണ് കഹ്നൂസ (പൗരോഹിത്യം) സഭയിൽ തുടരുന്നത്?
ശ്ലീഹന്മാരുടെ പാരമ്പര്യമായ കൈവയ്പ്പു വഴി.

7. രണ്ട് തരത്തിലുള്ള കഹ്നൂസകൾ ഏതൊക്കെ?
രാജകീയ പൗരോഹിത്യവും ശുശ്രൂഷാ പൗരോഹിത്യവും.

8.എന്താണ് രാജകീയ പൗരോഹിത്യം?
മാമോദീസാ വഴി എല്ലാവർക്കും ലഭിക്കുന്ന പൗരോഹിത്യം.

9. എന്താണ് ശുശ്രൂഷാ പൗരോഹിത്യം?
രൗജകീയ പൗരോഹിത്യമുള്ളവരെ ശുശ്രൂഷിക്കാൻ സഭയിൽ ലഭിക്കുന്ന പൗരോഹിത്യം.

10. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ പൗരോഹിത്യത്തിൽ പൊതുവായി അംഗീകരിച്ച എത്ര ക്രമങ്ങളുണ്ട്?
ഒൻപത്.

11. പൗരോഹിത്യത്തിലെ ക്രമങ്ങളെ പൗരസ്ത്യസുറിയാനിപിതാക്കാന്മാർ എ
ന്തിനോടാണ് താരതമ്യപ്പെടുത്തുന്നത്?
നവ വൃന്ദം മാലാഖാമാരോട്.

12. പൗരസ്ത്യ സുറിയാനി പാരമ്പര്യ പൗരോഹിത്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂ
ന്നു ക്രമങ്ങൾ ഏതൊക്കെ?
മ്ശംശാന, കഹ്ന, മെത്രാൻ. (ഡീക്കൻ, പുരോഹിതൻ, മെത്രാൻ)

13. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ പൗരോഹിത്യക്രമങ്ങൾ ഏതെല്ലാം?

- മൗമ്യാനേ (ഭൂതോച്ചാടാകൻ, എക്സോർസിസ്റ്റ്)
- മ്സമ്റാനേ (ഗായകൻ)
- കാറോയെ (വായനക്കാർ)
- ഹെവ്പദ്യാക്കോനേ (സബ് ഡീക്കൻ)
- മ്ശംശാന (ഡീക്കൻ)
- കശീശ (പുരോഹിതൻ)
- പെര്യാദോത്ത /കോർ എപ്പിസ്കോപ്പ
- അർക്കദിയാക്കോൻ (ആർച്ച് ഡീക്കൻ)
- മെത്രാൻ/ എപ്പിസ്കോപ്പ (ബിഷപ്പ്)
- കാസോലിക്ക (കാതോലിക്കോസ്)

(മൗമ്യാനേയും മ്സമ്റാനേയും പ്രശസ്തമല്ല)

14. ശ്യാമീദാ (കൈവയ്പ്പ്) കൂടാതെ നടത്തപ്പെടുന്ന പൗരോഹിത്യ ക്രമങ്ങൾ ഏതൊ
ക്കെ?
മൗമ്യാനേയും മ്സമ്റാനേയും കാറോയയും ഹെവ്പദ്യാക്കോനെയും.

15. ശ്യാമീദ (കൈവയ്പ്പ്) വഴി മാത്രം നടത്തപ്പെടുന്ന പൗരോഹിത്യ ക്രമങ്ങൾ
ഏതോക്കെ?
മ്ശംശാന, കശീശ, പെര്യാദോത്ത/കോർ എപ്പിസ്കോപ്പ, അർക്കദിയാക്കോൻ,
മെത്രാൻ, മെത്രാപ്പോലീത്ത, കാസോലിക്ക.

16. കഹ്നൂസ എപ്രകാരാമാണ് മൂന്ന് ഗണമായിതിരിക്കുന്നത്?
മ്ശംശാന, കഹ്ന, എപ്പിസ്കോപ്പ.

17. മ്ശംശാനയുടെ ഗണത്തിൽ വരുന്ന പൗരോഹിത്യക്രമങ്ങൾ ഏതെല്ലാം?
കാറോയാ, ഹെവ്പദ്യാക്കോനാ, മ്ശംശാന.

18. കഹ്നായുടെ ഗണത്തിൽ വരുന്ന പൗരോഹിത്യ ക്രമങ്ങൾ ഏതെല്ലാം?
കശീശ, കോർ എപ്പിസ്കോപ്പ, അർക്കദിയാക്കോൻ.

19. മെത്രാൻ ഗണത്തിൽ വരുന്ന ക്രമങ്ങൾ ഏതൊക്കെ?
മെത്രാൻ, മെത്രാപ്പോലീത്ത, കാസോലിക്ക.

20. കാറോയ എന്ന വാക്കിന്റെ അർത്ഥം എന്താണ്?
പരിശുദ്ധ കുർബാനയിൽ കെറിയാന (പഴയനിയമം) വായിക്കുന്നവൻ.

Week - 23 ( **21** st May 2023)

1. പൗരസ്ത്യ സുറിയാനി സഭകളിൽ മെത്രാന്മാർ തിരഞ്ഞെടുക്കപ്പെടുന്നത് എവിടെ നിന്നാണ്?
ദയറകളിൽ നിന്നും (ആശ്രമങ്ങൾ). വൈദികർ വിവാഹിതരായിരുന്നതുകൊണ്ട് മെത്രാന്മാർ സന്യാസിമാരിൽ നിന്ന് മാത്രമാണ് തെരഞ്ഞെടക്കപ്പെട്ടത്. മെത്രാനായി അഭിഷേകം ചെയ്യപ്പെടേണ്ട സന്യാസിയെ ആദ്യം പുരോഹിതനായി അഭിഷേകം ചെയ്യുന്നു, തുടർന്ന് മെത്രാനായും. സന്യാസികൾ എല്ലാവരും പുരോഹിതരല്ലായിരുന്നു.

2. മാർതോമാ നസ്രാണികൾക്ക് പിതാക്കാന്മാരെ എവിടെ നിന്നാണ് ലഭിച്ചിരുന്നത്?
ഒരു മെത്രാന്റെ ആവശ്യംവരുമ്പോൾ മഹാപള്ളിയോഗം ബാബിലോണിലെ പാത്രിയാർക്കേറ്റിലെക്ക് ഒരു പ്രതിനിധി സംഘത്തെ അയക്കുന്നു. പാത്രിയാർക്കീസ് പ്രതിനിധി സംഘത്തെ ആശ്രമങ്ങളിലേക്ക് ഒരു സന്യാസിയെ തെരഞ്ഞെടുക്കാൻ അയക്കുന്നു. തെരെഞ്ഞെടുക്കപ്പെടുന്ന സന്യാസിയെ മെത്രാനായി അഭിഷേകം ചെയ്യുകയും പ്രതിനിധി സംഘം മെത്രാനെ മലബാറിലേക്ക് കൂട്ടിക്കൊണ്ട് വരികയും ചെയ്യുന്നു.

3. സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട മൂന്ന് പൗരോഹിത്യ പദവികൾ ഏതൊക്കെ?
മെത്രാൻ, മെത്രാപ്പോലിത്ത, കാസോലിക്ക.

4. സ്ലീവായുടെ അടയാളത്താൽ ആശീർവ്വദിക്കാൻ അനുവാദമുള്ള പൗരോഹിത്യ പദവികൾ ഏതെല്ലാം?
കശീശ (പുരോഹിതൻ) മുതലുള്ള എല്ലാ പദവികൾക്കും.

5. എന്തുകൊണ്ടാണ് സ്ലീവായാലുള്ള ആശീർവ്വാദം കശീശ മുതലുള്ളവർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നത്?
സ്ലീവായാലുള്ള ആശീർവ്വാദം രഹസ്യ(റാസ)മാണ്. റാസ കശീശ മുതലുള്ളവരാണ് പരികർമ്മം ചെയ്യേണ്ടത്.

6. പൗരോഹിത്യ ക്രമങ്ങളിലെ ശ്യാമീദ നല്കാൻ അനുവാദമുള്ളവരാരാണ്?
മെത്രാൻ, മെത്രപ്പോലിത്ത, കാസോലിക്കാ.

7. ആരിലാണ് എല്ലാ പൗരോഹിത്യത്തിന്റെയും മഹാ പൗരോഹിത്യത്തിന്റെയും പൂർണ്ണത?
പരമോന്നത മഹാപുരോഹിതനായ ഈശോ മിശിഹായിൽ.

8. മെത്രാന്റെ ദൗത്യങ്ങൾ എന്തെല്ലാം?
പഠിപ്പിക്കുകയും, വിശുദ്ധികരിക്കുകയും നയിക്കുകയും കൂടാതെ സൈത്ത് ഉപയോഗിച്ച് ദൈവാലയം കൂദാശ ചെയ്യുക, വിവിധ പൗരോഹിത്യ പദവിക്കാർക്ക് ശ്യാമീദ നല്കുക.

9. മലബാർ സഭയിലെ ഭരണാധികാരി ആരായിരുന്നു?

അർക്കദിയാക്കോൻ.

10. ആരാധനക്രമത്തിന്റെ സംരക്ഷകൻ ആരാണ്?
മെത്രാൻ.

11. പൗരസ്ത്യ സുറിയാനി പിതാക്കന്മാരുടെ ഭാഷ്യത്തിൽ മഹാ പൗരോഹിത്യത്തിന്റെ പൂർണ്ണതയുടെ ആറു ഘടകങ്ങൾ ഏവ?

- മല്പന്മാരിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടിയതും മാലാഖമാരാൽ സാക്ഷ്യപ്പെടുത്തിയതുമായ സഭയുടെ സത്യ വിശ്വാസം തെറ്റുകൂടാതെ ഏറ്റു പറയുകുയും പഠിപ്പിക്കുകയും ചെയ്യുക.
- മൂന്ന് മെത്രാൻമാരുടെ സാന്നിധ്യം ഇല്ലാതെ ശ്യാമീദ (കൈവയ്പു) സ്വീകരിക്കാതിരിക്കുക
- തുറന്ന സുവിശേഷം തലയിൽ വച്ച് മാത്രം വേണം ശ്യാമീദ സ്വീകരിക്കാൻ
- സ്കെപ്ട്രെ (മെത്രാന്റെ അംശവടി)ആധികാരികതയുടെ അടയാളമായി സ്വീകരിക്കുക
- പ്രധാന പുരോഹിതർക്കുമാത്രമുള്ള തിരുവസ്ത്രങ്ങൾ സ്വീകരിക്കുക
- തിരുപ്പട്ട സമയത്ത് സമൂഹം 'ഇത് നീതിയും ന്യായവുമാണെന്ന്' പാടുന്നു
- തിരുപ്പട്ട സമയത്ത് സമൂഹം 'ഹല്ലേലൂയ ഗീതം' പാടുന്നു

12. പൗരോഹിത്യ ക്രമങ്ങളിലെ ഏതിനാണ് പൗരോഹിത്യ പൂർണ്ണത?
മെത്രാൻ.

13. എന്നു മുതലാണ് മെത്രാന്റെ കൈവയ്പു ശുശ്രൂഷയിൽ മൂന്നു പിതാക്കന്മാരുടെ സാന്നിധ്യം വേണമെന്ന് നിർബന്ധമാക്കിയത്?
ഏഡി 410 ൽ മാർ ഇസഹാക്ക് വിളിച്ചുകൂട്ടിയ സെലൂഷ്യ സ്റ്റെസിഫോൺ സൂനഹദോസ് മുതൽ.

14. എന്താണ് ബിറൂന?
പൗരസ്ത്യ സുറിയാനി പിതാക്കന്മാരുടെ ശിരോവസ്ത്രമാണിത്. സ്ലീവാ തുന്നിയ വെള്ള നിറത്തിലുള്ള വസ്ത്രമാണിത്.

15. എപ്പിസ്കോപ്പ എന്ന പദം ഏതു ഭാഷയിൽ നിന്നാണ് രൂപം കൊണ്ടത്?
ഗ്രീക്ക്.

16. എപ്പിസ്കോപ്പ എന്ന പദത്തിന്റെ അർത്ഥം എന്താണ്?
മുൻകൂട്ടി കാണുന്നൻ.

17. മെത്രാപോലിത്ത എന്ന പദം ഏതു ഭാഷയിൽ നിന്നാണ് വരുന്നത്?
ഗ്രീക്ക്.

18. മെത്രാപ്പോലിത്ത എന്ന വാക്കിന്റെ അർത്ഥം എന്താണ്?

മാതൃനഗരത്തിന്റെ അല്ലെങ്കിൽ വലിയ നഗരത്തിന്റെ ഉടമ. രണ്ട് ലിപികൾ കൂടിച്ചേരുന്ന പദമാണിത്. ആദ്യത്തേത് മാതാവ് എന്നർത്ഥവും രണ്ടാമത്തേത് നഗരം അല്ലെങ്കിൽ വലിയ പരിഷ്കൃത നഗരം എന്നർത്ഥവും.

19. മെത്രാന്റെ അരപ്പട്ട എന്തിന്റെ അടയാളമാണ്?
ദൈവജനത്തെ ശുശ്രൂഷിക്കാനുള്ള സന്നദ്ധതയുടെ അടയാളം.

20. കൈ സ്ലീവായും ഹൂത്രായും എന്തിന്റെ പ്രതീകമാണ്?
കൈസ്ലീവാ ദൈവനാമത്തിൽ ആശീർവ്വദിക്കാനുള്ള അധികാരവും ഹൂത്ര (മെത്രാൻ ഊന്നി നടക്കുന്ന വടി) പഠിപ്പിക്കാനുള്ള അധികാരവും സൂചിപ്പിക്കുന്നു.

Week - 24 ( **28th** May 2023)

1. പൗരസ്ത്യ സുറിയാനി മെത്രാന്മാരുടെ ആരാധനക്രമ ഇതര വസ്ത്രങ്ങൾ ഏതൊക്കെയാണ്?
കറുത്ത നിറമുള്ള ലെബുഷ പുറങ്കുപ്പായവും ചുവന്ന നിറമുള്ള ളോഹ അകത്തും. സൂനാറ, നെഞ്ചിലുള്ള സ്ലീവ, കൈ സ്ലീവ, തൊപ്പി, ഹൂത്ര എന്ന് വിളിക്കുന്ന ചെറിയ വടി.

2. കറുത്ത നിറമുള്ള ലെബൂഷ എന്തിനെ സൂചിപ്പിക്കുന്നു?
മെത്രാനും പുരോഹിതനും പിന്തുടരേണ്ട സന്ന്യാസ ജീവിത ശൈലിയെ സൂചിപ്പിക്കുന്നു.

3. ചുവന്ന നിറമുള്ള ളോഹ എന്തിനെ സൂചിപ്പിക്കുന്നു?
രക്തസാക്ഷിത്വത്തെ അതു സൂചിപ്പിക്കുന്നു. മെത്രാന്മാർ വിളിക്കപ്പെടുന്നത് സഭയ്ക്ക് വേണ്ടി ജീവൻ അർപ്പിക്കുന്നതിനാണ്.

4. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് മദ്ബഹയിലെ അകത്തെ വിരിക്കുള്ളിൽ പൗരോഹിത്യ ക്രമത്തിലെ ആർക്കെല്ലാം പ്രവേശിക്കാം?
മ്ശംശാന മുതൽ മുകളിലേക്കുള്ള എല്ലാ ക്രമക്കാർക്കും.

5. കാറോയേ എന്ന വാക്കിന്റെ അർത്ഥം എന്താണ്?
വായനക്കാർ, കീർത്തനക്കാർ.

6. കാറോയേ എപ്രകാരമാണ് തിരുവസ്ത്രം അണിയുന്നത്?
കൊത്തീനയും സൂനാറയും കണംകൈയിലിടുന്ന ചുറ്റും ഇടുന്ന ഊറാറയും.

7. കാറോയയുടെ ഉത്തരവാദിത്വം എന്താണ്?
പരിശുദ്ധ കുർബാനയുടെ സമയത്ത് പഴയനിയമ വായന നടത്തുക.

8. കാറോയ്ക്ക് നിശ്ചയക്കപ്പെട്ടിരിക്കുന്ന സ്ഥലം ഏതാണ്?
കെസ്ത്രോമയിൽ, അഴികൾക്കും കങ്കേയിലേക്കുള്ള പടികൾക്കും താഴെ.

9. മാർ ഈശോ ബക്തിന്റെ (എട്ടാം നൂറ്റാണ്ട്) അഭിപ്രായത്തിൽ ഈശോ മിശിഹായുടെ ജീവിതത്തിലെ ഏതു സംഭവുമായാണ് കാറോയയെ താരതമ്യപ്പെടുത്തുന്നത്?
ഏശയ്യായുടെ പുസ്തകം സിനഗോഗിൽ വായിക്കുന്ന ഈശോ മിശിഹാ.

10. തിരുവസ്ത്രങ്ങൾ കൂടാതെ കാറോയ പട്ടമേൽക്കുമ്പോൾ കാർമ്മികൻ കാറോയയ്ക്ക് എന്താണ് നല്കുന്നത്?
പഴയനിയമ പുസ്തകം.

11. ഹെവ്പദിയാക്കോനേ എന്ന പദത്തിന്റെ അർത്ഥം എന്താണ്?
സബ്ഡീക്കൻ.

12. ഹെവ്പദിയാക്കോനൂസായുടെ ദൗത്യങ്ങൾ എന്തെല്ലാം?
കാറോയൂസായുടെ എല്ലാ ഉത്തരവാദിത്വങ്ങളോടും കൂടെ പരിശുദ്ധ കുർബാനയുടെ സമയത്ത് ദൈവലയത്തിന്റെ വാതിലിന് കാവൽ നില്ക്കുക.

13. കാറോയയുടെയും ഹെവ്പദ്യാക്കോനയുടെയും മ്ശംശാനയുടെയും കശീശൂസയുടെയും എപ്പിസ്കോപയുടെയും തക്സയുടെ രചയിതാക്കൾ ആരാണ്?
ന്സിവിനിലെ മാർ കുപ്രിയാനോസ്, മാർ ഈശോയാബ്, മാർ ഇസ്രായേൽ കാസോലിക്ക.

14. ഹെവ്പദിയാക്കോനെ എപ്രകാരമാണ് വസ്ത്രമണിയുന്നത്?
കൊത്തീനയും സൂനാറയും, ഊറാറ കഴുത്തിനു ചുറ്റി രണ്ട് അറ്റങ്ങളും ഇടതു തോളിൽ ഒരറ്റം മുൻപിലും മറ്റേയറ്റം പുറകിലും വരത്തക്ക രീതിയിൽ

15. ഹെവ്പദ്യാക്കോനയ്ക്ക് നിശ്ചയക്കപ്പെട്ടിരിക്കുന്ന സ്ഥലം ഏതാണ്?
കങ്കേയുടെ മധ്യത്തിൽ തൂങ്ങുന്ന കെടാവിളക്കിനു കീഴെ.

16. ഈശോ ബക്തിന്റെ (8ാം നൂറ്റാണ്ട്) അഭിപ്രായത്തിൽ ഹെവ്പദ്യാക്കോനൂസായെ ഏത് ഈശോ സംഭവവുമായാണ് താരതമ്യപ്പെടുത്തുന്നത്?
ഈശോ മിശിഹാ ചാട്ടവാറെടുത്ത് കച്ചവടക്കാരെ ദൈവാലയത്തിൽ നിന്ന് പുറത്താക്കിയത്.

17. മ്ശംശാന എന്ന വാക്കിന്റെ അർത്ഥം എന്താണ്?
ശുശ്രൂഷിയ്ക്കുക.

18. ഡിയാക്കോൺ എന്ന പദം ഏതു ഭാഷയിൽ നിന്നാണ് വരുന്നത്?
ഗ്രീക്ക്, ഡീക്കൻ എന്നാണർത്ഥം.

19. മ്ശംശാനയ്ക്കു നല്ക്കുന്ന വസ്ത്രങ്ങൾ ഏതൊക്കെ?
കൊത്തീന, അതിന്റെ മുകളിൽ സൂനാറ കെട്ടുന്നു, അതിന്റെ മുകളിൽ ഊറാറയും. ഊറാറ ഇടതു തോളിൽ ഇരു അറ്റങ്ങൾ മുൻപിലും പുറകിലുമായി ധരിക്കുന്നു.

20. മ്ശംശാന എന്തുകൊണ്ട് ഊറാറ ഭാഗികമായി കഴുത്തിൽ ധരിക്കുന്നത്?
മ്ശംശൂസ പട്ടം സ്വീകരിക്കുന്നതു വഴി മ്ശംശാന ഒരു താലന്തേ സ്വീകരിക്കുന്നുള്ളൂ. വിശുദ്ധ രഹസ്യങ്ങൾ സ്വതന്ത്രമായി ആഘോഷിക്കാൻ അവനാകില്ല.

## Week - 25 ( 4th June 2023)

1. തീരുവസ്ത്രം കൂടാതെ എന്താണ് മ്ശംശാന പട്ടം സ്വീകരിക്കമ്പോൾ അർത്ഥിക്ക് കാർമ്മികൻ നല്കുന്നത്?
 ഏങ്കർത്ത (ലേഖനം)

2. മ്ശംശാനയുടെ ദൗത്യങ്ങൾ എന്തെല്ലാം?

- പരിശുദ്ധ മൽക്കാ (പരിശുദ്ധ പുളിപ്പ്) ഉപയോഗിച്ച് ബുക്റാ (വിശുദ്ധ കുർബാനയ്ക്കുള്ള അപ്പം) ഉണ്ടാക്കുക.
- വിശ്വാസികളുടെ ദിവ്യകാരുണ്യ സ്വീകരണത്തിന്റെ സമയത്ത് കാസ പിടിക്കുക
- വിശുദ്ധ കുർബാനയിൽ ഏങ്കർത്ത (ലേഖനം) വായിക്കുക
- അതി പരിശുദ്ധ സ്ഥലം സംരക്ഷിക്കുക

3. മ്ശംശാനയ്ക്ക്  പരിശുദ്ധ കുർബാനയർപ്പിക്കാനാവില്ലെന്ന് പഠിപ്പിക്കുന്ന സ്രോതസ്സുകൾ ഏതെല്ലാം?
 അപ്പസ്തോലിക് കാനോനകളും ലിബെർ പാത്രും.

4. കശീശയുടെ അസാന്നിധ്യത്തിൽ മ്ശംശാനയ്ക്ക് ചെയ്യാനാകുന്നത് എന്താണെന്നാണ് മാർ ഈശോയാബ് പഠിപ്പിക്കുന്നത്?
 അത്യാന്താപേക്ഷിത സാഹചര്യത്തിൽ, കശീശയുടെ അസാന്നിധ്യത്തിൽ മ്ശംശാനയ്ക്ക് ആശീർവ്വാത്തിന്റെ അടയാളത്താൽ കാസ വിശുദ്ധീകരിക്കാം എന്നാൽ സാധാരണ ഫോർമൂല (വാക്യം) ചൊല്ലാൻ കഴിയുകയില്ല..

5. ശ്യാമീദയുടെ സമയത്ത് മെത്രാൻ മ്ശംശാനയെ എന്തു ചെയ്യുന്നു?
 മെത്രാൻ അർത്ഥിയുടെ മുടി ആഘോഷമായി മുറിക്കുന്നു. ഊറാറ അർത്ഥിയുടെ ഇടതു തോളിൽ ഇടുന്നു, ചുണ്ടുവിരൽ കൊണ്ട് നെറ്റിയിൽ കുരിശടയാളം വരക്കുന്നു, തലയിൽ ചുംബിക്കുന്നു.

6. മ്ശംശാനൂസാ പട്ടം സ്വീകരിക്കുമ്പോൾ അർത്ഥി എന്തു ചെയ്യുന്നു?
 ഒരു ചൂണ്ടു വിരൽ മുകളിലേക്ക് ദിശ കാണിച്ച് മദ്ബഹായ്ക്കു മുമ്പിൽ ഒരു മുട്ടുകുത്തി നിൽക്കുന്നു.

7. മ്ശാശാനൂസാ പട്ടം സ്വീകരിക്കുമ്പോഴുള്ള അർത്ഥിയുടെ നില്പ് എന്തിനെ സൂചിപ്പിക്കുന്നു?
 ഒരു മുട്ടു കുത്തുന്നതും ഒരു  വിരൽ ഉയർത്തുന്നതും അർത്ഥി മിശിഹാ രഹസ്യങ്ങൾ സഭയിൽ ശുശ്രൂഷ ചെയ്യാൻ ഭാഗിക അവകാശം  മാത്രമേ സ്വീകരിക്കുന്നുള്ളൂ എന്ന് സൂചിപ്പിക്കുന്നു. അർത്ഥി ഒരു കക്രാ മാത്രമേ സ്വീകരിക്കുന്നുള്ളു.

8. മ്ശംശാനയെ കുറിച്ച് മെർവിലെ മാർ ഈശോ ദാഡും മാർ ഈശോയാബ് ഒന്നാമനും എന്താണ് പറയുന്നത്?
 മ്ശംശാന ഒരു താലന്തേ സ്വീകരിക്കുന്നുള്ളു. അത് ശുശ്രൂഷയുടെതാണ്. മ്ശംശാനാ പുരോഹിതനേക്കാൾ താഴെയാണ്, പൗരോഹിത്യകർമ്മങ്ങളൊന്നും ചെയ്യാനുമാകില്ല.

9. മാർ ഈശോ ബക്ത് (8 ാം നൂറ്റാണ്ട്) മ്ശംശാനൂസ പട്ടത്തെ ഏത് മിശിഹാ സംഭവുമായാണ് താരതമ്യപ്പെടുത്തുന്നത്?
പെസഹായ്ക്ക് ശിഷ്യന്മാരുടെ കാല് കഴുകുന്ന ഈശോ.

10. ദിവ്യകാരുണ്യം വിശ്വാസികൾക്ക് നല്കുമ്പോൾ കാസ പിടിക്കുന്നതാര്?
മ്ശംശാന.

11. ബുക്റ ഉണ്ടാക്കാൻ അനുവാദമുള്ള പൗരോഹിത്യ ക്രമത്തിലെ ഏറ്റവും ചെറിയ ക്രമം ഏതാണ്?
മ്ശംശാനൂസ.

12. ജീവിതകാലം മുഴുവൻ മ്ശംശാന ആയിരുന്ന പ്രശസ്ത സുറിയാനി വിശുദ്ധൻ ആരാണ്?
മാർ അപ്രേം.

13. ആരാണ് മ്ശംശാനീസമാർ?
പൗരസ്ത്യ സുറിയാനി സഭയിലെ വനിതാ ശുശ്രൂഷകർ.

14. മ്ശംശാനീസാമാരുടെ ദൗത്യം എന്താണ്?
മുതിർന്ന സ്ത്രീകളുടെ മാമോദീസായിൽ ലേപനം ചെയ്യാൻ കശീശായെ സഹായിക്കുക.

15. മ്ശംശാനീസാമാരുടെ പട്ടം നടക്കുന്നതെവിടെയാണ്?
കെസ്ത്രോമ.

16. മ്ശംശാന പട്ടത്തിന് ശേഷമുള്ള റൂബ്രിക്സ് എന്താണ്?
കൈവയ്പ് പൂർണ്ണതയിലെത്തുമ്പോൾ ഗായകർ ഗീതം ആലപിക്കുന്നു. ആർച്ച് ഡീക്കൻ മ്ശംശാനയെ അതിവിശുദ്ധ സ്ഥലത്തേയ്ക്ക് ക്ഷണിക്കുന്നു. മദ്ബഹായുടെ (അൾത്താര) വടക്കേ അറ്റത്തും പിന്നീട് തെക്കേ അറ്റത്തും ചുംബിക്കുന്നു. പിന്നീട് മെത്രാന്റെ മുമ്പിൽ മുട്ടുകുത്തി അദ്ദേഹത്തിന്റെ കൈ ചുംബിക്കുന്നു.

17. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ മ്ശംശാനൂസ കൈവയ്പു വഴി ഏതൊക്കെ ശുശ്രൂഷകൾക്കാണ് മ്ശംശാന നിയമിതനാകുന്നത്?
എസ്തപ്പാനോസ് സഹദായായക്ക് തുല്യരായി സഭയിൽ ലേവായ ശുശ്രൂഷ ചെയ്യാൻ. കശീശ ചെയ്യുന്ന പരിശുദ്ധ കർമ്മങ്ങൾക്ക് വരുന്നതിനു മുൻപായി ആലാഹായുടെ സാദൃശ്യം ഉള്ളിലില്ലാത്തവരെ തിരിച്ചറിയുകയും വിശുദ്ധികരിക്കുകയും ചെയ്യുക.

18. പൗരസ്ത്യ സുറിയാനിപാരമ്പര്യത്തിൽ കശീശൂസയുടെ കൈവയ്പു (ശ്യാമീദ) ക്രമം സ്വീകരിക്കാൻ മദ്ബഹായുടെ മുൻപിൽ നില്ക്കുന്ന അർത്ഥി എപ്രകാരമാണ് തിരു വസ്ത്രങ്ങളണിയുന്നത്?
മ്ശംശാനയുടെ തിരുവസ്ത്രമണിഞ്ഞ്, ഗുൾട്ടാ (പൈന) ഇടതു തോളിൽ ഇട്ട്.

19. കശീശൂസ കൈവയ്പു ക്രമത്തിൽ ബേത് മാമോദീസായിൽ അർത്ഥി എന്തു ചെയ്യുന്നു?
അതീവ ബഹുമാനത്തോടെ മാമോദീസ തൊട്ടി ചുംബിക്കുന്നു.

20. കശിശൂസ കൈവയ്പു ക്രമത്തിന്റെ അവസാനത്തിൽ മെത്രാൻ പുതിയ കശീശയ്ക്കു നല്കുന്നതെന്ത്?
സ്വർസാപുസ്തകം(ഏവൻഗേലിയോൻ).

Week - 26 ( 11th June 2023)

1. കശീശൂസ (പുരോഹിതൻ) യുടെ കൈവയ്പിന്റെ (ഹുത്താമയ്യക്കു) മുമ്പായി മെത്രാൻ പ്രത്യേകമായി ആരോടാണ് പ്രാർത്ഥിക്കുന്നത്?
മർത്ത് മറിയത്തോടും പന്ത്രണ്ട് ശ്ലീഹന്മരോടും.

2. കശീശുസയുടെ (പുരോഹിതൻ) കൈവയ്പിന്റെ ഹുത്താമയ്ക്കു മുമ്പായി ഏതൊക്കെ വിശുദ്ധരുടെ മദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്നുണ്ട്?
മാർതോമാ ശ്ലീഹാ, മാർ അദ്ദായി, മാർ മാറി, മാർ എസ്തപാനോസ് സഹദാ, മാർ ശിമയോൻ ബർ സബാ, മാർ യാക്കോബ്, മാർ അപ്രേം, മാർ ഗീവർഗ്ഗീസ്സ്, മാർ കുര്യാക്കോസ്, മാർ പെസിയോൻ, മാർ ഹോർമിസ്, മാർ അവ്ഗേനും അനുയായികളും, മർത്ത് ബാർബറാ, മർത്ത് ശ്മോനിയും പുത്രന്മാരും, മർത്ത് മെസ്ക്കെന്തായും രണ്ടു പുത്രന്മാരും എല്ലാ രക്താസക്ഷികളും.

3. കശീശയക്കു നല്കുന്ന തിരുവസ്ത്രങ്ങൾ ഏതാണ്?
കൊത്തീന, സൂനാറ, രണ്ടറ്റവും മുൻപിൽ വരത്തക്കവിധം കഴുത്തിലണിയുന്ന ഊറാറ, ഏറ്റം മുകളിൽ പൈന, മ്സാനേ (ലീറ്റർജിക്കൽ ഷൂസ്)

4. പൈന എന്തു സൂചിപ്പിക്കുന്നു?
നീതിയുടെ വസ്ത്രം, ഈശോ മിശിഹാ.

5. ഊറാറ എന്തു സൂചിപ്പിക്കുന്നു?
പൗരോഹിത്യ അധികാരവും നുകവും.

6. സൂനാറ എന്തിനെ സൂചിപ്പിക്കുന്നു?
ശുശ്രൂഷിക്കാനുള്ള സന്നദ്ധത, വിശുദ്ധി.

7. കൊത്തീന എന്തിനെ സൂചിപ്പിക്കുന്നു?
ഈശോ ധരിച്ച തയ്യലില്ലാത്ത മേലങ്കി.

8. എന്തുകൊണ്ടാണ് സൂനാറയുടെ മുകളിൽ ഊറാറ ധരിക്കുന്നത്?
കശീശൂസയുടെ സ്വതന്ത്ര ശുശ്രൂഷയെ അതു സൂചിപ്പിക്കുന്നു.

9.കശീശയടെ പരമ്പരാഗത വേഷമേത്?
12. വെളുത്ത കമ്മീസ്, ലെബുഷാ, തൊപ്പി,

ശ!
10. ദയറകളിലെ കശീശയുടെ (ആശ്രമ പുരോഹിതൻ) സാധരണ വേഷത്തിന്റെ നിറമേത്?
കറുപ്പ്.

11. കശീശ പട്ടം മേടിക്കുമ്പോൾ മ്ശംശാന എപ്രകാരം നില്ക്കണം?
രണ്ടു മുട്ടിന്മേൽ നിന്ന് വിശ്വാസ സത്യം (വിശ്വാസപ്രമാണം) പ്രഘോഷിക്കണം.
അദേഹം രണ്ട് കക്രാകൾ സ്വീകരിക്കുന്നു

- കശീശൂസായുടെ ശ്യാമീദയുടെ സമയത്ത് തന്നെ കുറിച്ചുള്ള മെത്രാന്റെ സാക്ഷ്യം സ്വീകരിക്കുക.
- തന്റെ സഹ കശീശയുടെ അടുത്തു നിന്ന് സമാധാനം സ്വീകരിക്കുക.

13. കഹ്നൂസായടെ ക്രമങ്ങളിൽ കശീശയേക്കാൾ താഴ്ന്ന ക്രമങ്ങളിൽ നിന്നും കശീശയെ വ്യത്യസ്തമാക്കുന്നതെന്ത്?
കശീശയേക്കാൾ താഴ്ന്ന ക്രമങ്ങൾക്ക് രഹസ്യങ്ങൾ പരികർമ്മം ചെയ്യാനാകില്ല. പക്ഷേ കശീശയ്ക്ക് രഹസ്യങ്ങൾ പരികർമ്മം ചെയ്യാനാകും.

14. "പൗരോഹിത്യ പടികളുടെ പുസ്തകം" കഹ്നൂസായുടെ ദൗത്യത്തെ കുറിച്ച് എന്താണ് പറയുന്നത്?
മരിച്ചവരെ അടക്കുക, രോഗികളെ സന്ദർശിക്കുക, ജീവിക്കുന്നവരെ പഠിപ്പിക്കുകയും പ്രബുദ്ധരാക്കുകയും ചെയ്യുക.

15. കശീശൂസായുടെ ശ്യാമീദയിൽ കർമ്മികൻ എത്ര തവണ കൈവയ്പു നടത്തുന്നുണ്ട്?
രണ്ടു തവണ.

16. ശ്യാമീദയ്ക്കു ശേഷം, മെത്രാൻ അർത്ഥിയോട് എന്താണ് ആവശ്യപ്പെടുന്നത്?
മദ്ബഹായുടെ തറയിൽ കിടക്കാനും പിന്നെ എഴുന്നേൽക്കാനും.

17. ആരാണ് കശീശയെ പൂർണ്ണമായും തിരുവസ്ത്രമണിയിക്കുന്നത്?
മെത്രാൻ.

18. എപ്പോഴാണ് ഈശോ മിശിഹാ തന്റെ ശ്ലീഹന്മാരെ നിത്യ പുരോഹിതരായി ഉയർത്തിയത്?
തന്റെ സുലാക്കയുടെ സമയത്ത് (സ്വർഗ്ഗാരോഹണ സമയത്ത്)

19. കഹ്നൂസാർത്ഥിയുടെ മേൽ എപ്രകാരമാണ് റുശ്മ ചെയ്യുന്നത്?
സ്ലീവായുടെ അടയാളത്തിൽ.

20. സ്ലീവായുടെ അടയാളത്തിലുള്ള റുശ്മ എന്തു സൂചിപ്പിക്കുന്നു?

- അർത്ഥിയുടെ എല്ലാ ശാരീരിക അഭിലാഷങ്ങളും മരണപ്പെട്ടിരിക്കുന്നു
- അർത്ഥിക്ക് ആലാഹയ്ക്ക് യോജിച്ച ജീവിതം ഉണ്ടായിരിക്കുക
- ഭൂമിയോളം താഴ്ന്നു ജീവിക്കുകയും ഈശോ മിശിഹായെപ്പോലെ പാപമില്ലാതെ ആയിരിക്കുക.

Week - 27( 18th June 2023)

1. കശീശൂസായുടെ ശ്യമീദായിലെ ആദ്യ റുശ്മ എപ്രകാരമാണ് പരികർമ്മം ചെയ്യുന്നത്?
വലതു കൈയിലെ നടുവിലെ മൂന്നു വിരലുകൾ കൊണ്ട്.

2. മൂന്നു വിരലുകൾ കൊണ്ടുള്ള കശിശൂസായുടെ ആദ്യ റുശ്മ എന്തു സൂചിപ്പിക്കുന്നു?
പരിശുദ്ധ ത്രിത്വത്തെ.

3. കശിശൂസായുടെ ശ്യാമീദയിലെ രണ്ടാം റുശ്മ എപ്രകാരമാണ് ചെയ്യുന്നത്?
വലതു തള്ള വിരൽ കൊണ്ട്.

4. കശിശൂസായുടെ ശ്യാമീദയിലെ വലതു തള്ളവിരൽ കൊണ്ടുള്ള രണ്ടാം റുശ്മ എന്തു സൂചിപ്പിക്കുന്നു?
ഏക ദൈവം.

5. കശിശൂസായുടെ ശ്യാമീദായിലെ മൂന്നാ റുശ്മ എപ്രകാരമാണ് പരികർമ്മം ചെയ്യുന്നത്?
ഇടതു തള്ള വിരൽ കൊണ്ട്, താഴെ നിന്ന് മുകളിലേക്ക്.

6. ഇടതു തള്ള വിരൽ കൊണ്ടുള്ള, താഴെ നിന്ന് മുകളിലേക്ക്, കശിശൂസായുടെ ശ്യാമീദിലെ മൂന്നാം റുശ്മ എന്തു സൂചിപ്പിക്കുന്നു?
കശീശ പൂർണ്ണനാക്കപ്പെടുകയും കശിശൂസായിലേക്ക് ഉയർത്തപ്പെടുകയും ചെയ്തിരിക്കുന്നു.

7. കശിശൂസയ്ക്ക് രണ്ടാം റുശ്മ നല്കാവുന്ന മറ്റൊരു വിധം ഏതാണ്?
മുഴുവൻ കൈ ഉപയോഗിച്ച് പരികർമ്മം ചെയ്യാം അതും ഏക ദൈവത്തെ സൂചിപ്പിക്കുന്നു.

8. കശിശയുടെ പട്ടത്തിനു ശേഷമുള്ള റൂബ്രിക്സ് എന്താണ്?
ശ്യാമീദ പൂർത്തിയാകുമ്പോൾ ഗായകർ പാടുന്നു. ആർച്ച് ഡീക്കൻ പുതുതായി പട്ടം സ്വീകരിച്ച കശിശയെ മദ്ബഹായിലേക്ക് ആനയിക്കുന്നു. കശിശ മദ്ബാഹായുടെ വടക്കും പിന്നീട് തെക്കും ചുംബിക്കുന്നു. പിന്നീട് മെത്രാന്റെ അടുത്തു പോയി മെത്രാന്റെ കൈ ചുംബിക്കുന്നു.

9. കഹ്നൂസാ എന്നാണ് ഈശോമിശിഹാ സ്ഥാപിച്ചത്?
പെസഹാ ദിനത്തിൽ.

10. മെത്രാൻ 'മാർ' എന്നും 'പത്രോന' എന്നും വിളിക്കപ്പെടണം എന്ന് പറയുന്നതെവിടെ?
'പൗരോഹിത്യ പടികളുടെ പുസ്തകം' (4/5 നൂറ്റാണ്ട്)

11. ആരാണ് കാറോയൂസായ്ക്കും ഹെവ്പദ്യാക്കോനൂസായ്ക്കും മ്ശംശാനൂസായ്ക്കും കശിശൂസായ്ക്കും പട്ടം നല്കുന്നത്?
മെത്രാൻ, മെത്രാപ്പോലിത്ത, കാസോലിക്കാ.

12. കഹ്നൂസായുടെ ക്രമത്തിൽ കശിശയ്ക്കു ശേഷം ആരാണ്?
അർക്കദിയാക്കോൻ.

13. മെത്രാന്റെ നവായി അറിയപ്പെടുന്നതാര്?
അർക്കദിയാക്കോൻ.

14. അർക്കദിയാക്കോനു മുൻപുള്ള കഹ്നൂസയുടെ ക്രമം ഏതാണ്?
കോർ എപ്പിസ്കോപ്പ.

15. കഹ്നൂസായുടെ ക്രമത്തിൽ കഹ്നൂസായുടെ പൂർത്തികരണമായി കരുതുന്ന ക്രമം ഏതാണ്?
മെത്രാൻ.

16. മെത്രാന്റെ മുൻഗാമികൾ ആരാണ്?
ശ്ലീഹന്മാർ.

17. പൗരസ്ത്യ സുറിയാനി കഹനൂസായുടെ സഭാത്മക ഹയരാർക്കിയെക്കുറിച്ച് വ്യക്തമായി ആദ്യമായി പഠിപ്പിച്ച പൗരസ്ത്യ സുറിയാനി സഭാപിതാവാരാണ്?
സ്യൂദോ ദിയോനീഷ്യസ്. (5/6 നൂറ്റാണ്ട്)

18. കാതോലിക്കോസ് എന്ന തലക്കെട്ട് ഉപയോഗിക്കുന്നതിന് മുൻപ് സെലൂഷ്യസ് റ്റെസിഫോൺ കാതോലിക്കോസിന്റെ പുരാതന തലക്കെട്ട് എന്തായിരുന്നു?
വലിയ മെത്രാപ്പോലിത്ത.

19. നസ്രാണി സഭയുടെ മെത്രാപ്പോലീത്തയുടെ പുരാതന തലക്കെട്ട് എന്താണ്?
മെത്രാപ്പോലീത്ത ഉദ്റാ ദ്കൊല്ലാ ഹെദ്ദോ.(മെത്രാപ്പോലിത്തയും ഇന്ത്യയുടെ വാതിലും)

20. 'വത്തിക്കാൻ സുറിയാനി 22' പ്രകാരം, നസ്രാണി സഭയുടെ മുഖ്യ മെത്രാപ്പോലീത്തയുടെ തലക്കെട്ട് എന്താണ്?
മാർതോമാശ്ലീഹായുടെ പരിശുദ്ധ സിംഹാസാനത്തിന്റെ ഭരണാധികാരിയും നിയന്താവും.

Week - 28( **25**th June 2023)

1. ആരാധനക്രമ ആഘോഷത്തിൽ കഹനൂസായുടെ വിവധ ക്രമങ്ങളിലെ ശ്യാമീദ എപ്പോഴാണ് നടക്കുന്നത്?
വിശുദ്ധ കുർബാനയോടുകൂടിയോ അല്ലാതെയോ കഹനൂസായുടെ വിവിധ ക്രമങ്ങളിലെ ശ്യാമീദ നടത്താം. വിശുദ്ധ കുർബാനയാഘോഷത്തിനിടയിലാണ്, ഇത് നടത്തുന്നതെങ്കിൽ വിവിധങ്ങളായ സമയങ്ങളുണ്ട്, മർമ്മീസക്കു മുൻപാകാം, വിശ്വാസപ്രമാണത്തിന് മുൻപാകാം വിശ്വാസപ്രമാണത്തിന് ശേഷമാകാം ഹുത്താമയ്ക്കു മുൻപാകാം.

2. മെത്രാനും മെത്രാപ്പോലീത്തായ്ക്കും കാസോലിയ്ക്കാക്കുമുള്ള ശ്യാമീദ നല്കുന്ന ദിവസങ്ങൾ ഏതാണ്?

- ഹദ്ബ്ശമ്പാ (ഞായർ)
- എദാദ്മാറാനായ (കർത്താവിന്റെ തിരുനാളുകൾ)
- ദുക്റാന (വിശുദ്ധരുടെ ഓർമ്മദിനങ്ങൾ)

3. കഹനൂസായുടെ എല്ലാ ക്രമക്കാർക്കുള്ള ശ്യാമീദയുടെ പൊതു അനുഷ്ഠാനം ഏതാണ്?
മദ്ബഹായിലെ പ്രവേശനം, ആചാരംചെയ്യൽ, കൈവയ്പ്, സ്ലീവായുടെ അടയാളം, അറിയിപ്പ്/വിളംബരം, സമാപന ചുംബനം.

4. തിമോത്തി ഒന്നാം പാത്രിയാർക്കീസ് ഇന്ത്യയുടെ ആർച്ച്ഡീക്കനെ വിളിക്കുന്നതെന്ത്?
ഇന്ത്യയിലെ വിശ്വാസികളുടെ തലവൻ.

5. മാർ ഇസഹാക്കിന്റെ സൂനഹദോസിലെ (എ. ഡി. 410) പതിനൊന്നാം കാനൻ മെത്രാഭിഷേകത്തെ പറ്റി എന്തു പറയുന്നു?
മെത്രാൻ ഒരു മെത്രാനാൽ മാത്രം അഭിഷേകം ചെയ്യപ്പെടരുത്.

6. ഇന്ത്യയിലെ മാർതോമ നസ്രാണികളുടെ ആർച്ച്ഡീക്കന്റെ പുരാതന തലക്കെട്ട് എന്താണ്?
ആർച്ച് ഡീക്കനും ഇന്ത്യയുടെ മുഴുവൻ വാതിലും.

7. ഇന്ത്യയുടെ മുഴുവൻ ആർച്ച് ഡീക്കന്റെ മറ്റൊരു പേരെന്താണ്?
ജാതിക്കു കർത്തവ്യൻ.

8. മാർ ഇസഹാക്കിന്റെ സൂനഹദോസിലെ (എ ഡി 410) പതിനഞ്ചാം കാനൻ ആർച്ച് ഡീക്കന്റെ ആരാധനക്രമ ഉത്തരവാദിത്വത്തെ പറ്റി എന്താണ് പറയുന്നത്?
ഞായറാഴ്ചകളിൽ മെത്രാൻ ഉള്ളപ്പോൾ ആർച്ച് ഡീക്കൻ ബേമയിൽ നിന്ന് മ്ശംശാനയുടെ കാറോസൂസ ചൊല്ലണം, ഏവൻഗേലിയോൺ വായിക്കണം, ആരാധനക്രമ ശുശ്രൂഷയുടെ എല്ലാ കർമ്മങ്ങൾക്കും നിർദ്ദേശം നല്കണം.

9. ആർച്ച് ഡീക്കന്റെ ആരാധനക്രമ ഇതര ദൗത്യങ്ങൾ ഏതെല്ലാം?
ക്കും പട്ടം നല്കരുത്.

14. മെത്രാൻ അർത്ഥിയ്ക്ക് ശ്യാമീദ നല്കുന്നതിന്റെ മാനദണ്ഡമായി മാർ ഇസഹാക്കിന്റെ സൂനഹദോസിലെ (എഡി 410) പതിനാറാം കാനൻ പഠിപ്പിക്കുന്നത് എന്ത്?
ദൈവാലായങ്ങളിൽ മദ്ബഹായ്ക്കു മുമ്പിലും ദയറകളിൽ കുദാശ അഭിഷേകം ചെയ്യപ്പെടുന്ന സ്ഥലത്തിനു മുമ്പിലുമാണ് കശീശയക്കും മ്ശംശാനയ്ക്കും പട്ടം നല്കാൻ മെത്രാൻ അനുവദിക്കപ്പെട്ടിരുന്നത്.

15. ശ്യാമീദയ്ക്കു മുമ്പായി അർത്ഥിയുടെ പ്രബോധനങ്ങളുടെയും സങ്കീർത്തനങ്ങളുടെയും പഠനത്തെ പറ്റി മാർ ഇസഹാക്കിന്റെ സൂനഹദോസിലെ പതിനാറാം കാനൻ എന്തു പഠിപ്പിക്കുന്നു?

പ്രബോധനങ്ങൾ പഠിക്കാത്ത ഒരാൾക്ക്, ദാവീദായ (സങ്കീർത്തനങ്ങൾ) വാമൊഴിയായി ചൊല്ലാൻ കഴിയുന്നില്ലെങ്കിൽ, സബ് ഡീക്കൻ ആകാൻ കഴിയില്ലാ. അദ്ദേഹത്തെ ദാവീദായ(സങ്കീർത്തനങ്ങൾ) വാമൊഴിയായി ചൊല്ലുന്നതുവരെ ശാസിക്കണം. ഡീക്കൻപട്ടമോ പുരോഹിതപട്ടമോ അദ്ദേഹം സ്വീകരിക്കാൻ ഇടയായെങ്കിൽ, അദ്ദേഹം ഓർമ്മിക്കുകയും പ്രബോധനങ്ങൾ പഠിപ്പിക്കപ്പെടുകയും വേണം. അപ്രകാരം മിശിഹായുടെ ശുശ്രൂഷകൾ സാധണക്കാരേപ്പോലെ സംസാരത്തിലും പ്രബോധനത്തിലും അജ്ഞരായിക്കരുത്.

16. മാർതോമാ നസ്രാണി പാരമ്പാര്യത്തിൽ കഹനൂസായുടെ ഏത് ക്രമം വരെ വിവാഹം അനുവദിക്കപ്പെട്ടിട്ടുണ്ട്?
കോർ എപ്പിസ്കോപ്പ വരെ.

17. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ വിവാഹിതരായ പുരോഹിതർക്കുള്ള പ്രത്യേകതകൾ എന്തെല്ലാം?
എല്ലാ പൗരസ്ത്യ സഭകളിലും പുരോഹിതർക്ക് വിവാഹം കഴിക്കാൻ അനുവാദമില്ല. അവർ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അത് കശീശുസായുടെ ശ്യാമീദയ്ക്കു മുൻപായി ആയിരിക്കണം. പക്ഷേ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ കശീശയ്ക്ക് വിവാഹം കഴിക്കാൻ അനുവാദമുണ്ട്. പൗരസ്ത്യ സുറിയാനി സഭയിൽ കശിശയുടെ വിവാഹത്തിനും കശിശുസയ്ക്കു മുൻപുള്ള വിവാഹത്തിനും പ്രത്യേക പുസ്തങ്ങളുണ്ട്.

18. വിവാഹിതരായ പുരോഹിതരെ പറ്റി പഠിപ്പിക്കുന്ന പൗരസ്ത്യ സഭകളുടെ കാനൻ നിയമ സംഗിതയിലെ കാനൻ ഏതാണ്?
കാനൻ 373

19. പൗരസ്ത്യ കത്തോലിക്കാ സഭയിലെ വിവാഹിതരായ പുരോഹിതരെപ്പറ്റി പൗരസത്യ കത്തോലിക്ക സഭകളുടെ കാനൻ നിയമസംഗിതയിലെ 373 ാം കാനൻ എന്തു പറയുന്നു?
ദൈവരാജ്യത്തിനായി തിരഞ്ഞെടുത്തതും പൗരോഹിത്യത്തോടു ചേർന്നു നില്ക്കുന്നതുമായ പൗരോഹിത്യ ബ്രമചര്യം എല്ലായിടത്തും ആദരിക്കപ്പെടേണ്ടതാണ്. സഭ മുഴവന്റെയും പൗരസ്ത്യ സഭകളുടെ പാരമ്പര്യത്തിലും വിവാഹിതരായ വൈദികരുടെ വിശുദ്ധമായ ആചാരം ബഹുമാനപൂർവം നടത്തേണ്ടതാണ്.

20. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം 1580ാം നമ്പർ പൗരോഹിത്യ ബ്രഹമചര്യത്തെ പറ്റി എന്തു പഠിപ്പിക്കുന്നു?
പിതാക്കന്മാർ തിരഞ്ഞടുക്കപ്പെടുന്നത് ബ്രമചാരികളിൽ നിന്ന് മാത്രമാണ്. വിവാഹിതരായ പുരുഷന്മാരേ ഡീക്കന്മാരായും പുരോഹിതരായും നിയമിക്കും.

## Week - 29 ( 2nd July 2023)

1. പുരോഹിതരുടെ വിവാഹത്തെ സംബന്ധിച്ച് എഡി 485 മുതൽ എഡി 496 വരെ കിഴക്കിന്റെ കാസോലിക്കാ ആയിരുന്ന മാർ അകാസിയൂസ് എഡി 486 ൽ വിളിച്ചുകൂട്ടിയ സൂനഹദോസിലെ കാനനുകൾ പരമാർശിക്കുന്നതെന്ത്?
നീതിപൂർവ്വകമായ വിവാഹവും ശിശുക്കൾക്ക് ജന്മം നല്കുന്നതും പൗരോഹിത്യത്തിന് മുൻപോ ശേഷമോ ദൈവത്തിന് പ്രീതികരവും സ്വീകാര്യവുമാണ്.

2. മാർ തിമോത്തി രണ്ടാമന്റെ അഭിപ്രായത്തിൽ രഹസ്യങ്ങളുടെ ആഘോഷത്തിൽ കഹനായുടെ ദൗത്യം എന്താണ്?
കഹനയാണ് രഹസ്യങ്ങൾ എല്ലാം പൂർത്തീയാക്കുന്നത്. കഹനായുടെ മാദ്ധ്യസ്ഥ്യം കൂടാതെ സഭയിൽ പരിശുദ്ധ രഹസ്യങ്ങളൊന്നും പൂർണ്ണമാക്കപ്പെടുന്നില്ല. എന്തെന്നാൽ പൂർത്തീകരണത്തിനായി അടുത്തുവരുന്ന എല്ലാവരേയും അവർ എന്തുതന്നെയായാലും പരിശുദ്ധ അഭ്യർത്ഥനയാൽ (റൂഹാക്ഷണം) പരിപൂർണ്ണമാക്കുന്നത് അവനാണ്.

3. എന്നാണ് പൗരോഹിത്യ ബ്രഹ്മചര്യം റോമൻ കത്തോലിക്കാസഭയിൽ നിർബന്ധമാക്കിയത്?
എഡി 1123.

4. നിലവിൽ വിവാഹിതരായ പുരോഹിതർ ഇല്ലാത്ത പൗരസ്ത്യ കത്തോലിക്കാസഭകൾ ഏതൊക്കെ?
സിറോ മലബാർ സഭയും സിറോ മലങ്കര സഭയും.

5. കാസോലിക്ക/കാതോലിക്കോസ് എന്ന വാക്കിന്റെ അർത്ഥമെന്താണ്?
സാർവ്വത്രിക മെത്രാൻ എന്നർത്ഥമുള്ള ഗ്രീക്കുപദമാണത്.

6. ഡിഡാക്കേ (ശ്ലീഹന്മാരുടെ പ്രബോധനങ്ങൾ) കഹനൂസായുടെ മൂന്നു ക്രമങ്ങളെ എന്തിനോടാണ് താരതമ്യപ്പെടുത്തുന്നത്?
മെത്രാന്മാർ ഇടയന്മാരും പുരോഹിതർ അദ്ധ്യാപകരും ഡീക്കന്മാർ ശുശ്രൂഷകരും.

7. പ്രശസ്ത പൗരസ്ത്യ സുറിയാനി പണ്ഡിതനും കവിയുമായ അബ്ദീശോ ബാർ ബെരീകാ എന്തുകൊണ്ടാണ് പൗരോഹിത്യം മറ്റെല്ലാ കൂദാശകളെക്കാളും പ്രധാനപ്പെട്ടതാണെന്ന് പറയുന്നത്?
കാരണം പുരോഹിതന്റെ ഓർഡിനേഷനിലൂടെ, മറ്റെല്ലാ കൂദാശകളും സ്വീകരിക്കാൻ ആഗ്രഹിക്കുന്ന വിശ്വാസികൾക്ക് നൽകപ്പെടുന്നു.

8. മർഗാനീസ എന്ന പുസ്തകത്തിൽ കഹനൂസയെ കുറിച്ച് മാർ അബ്ദീശോ ബാർ ബെരീക്കാ എന്താണ് പറയുന്നത്?
സഭയിലെ മറ്റു കൂദാശകളെല്ലാം പൂർണ്ണമാക്കുന്ന ഏറ്റവും പ്രധാനപ്പെട്ടതും കൂലിനവുമായ കൂദാശയാണ് കഹനൂസ. മനുഷ്യന് തങ്ങളുടെ സഹമനുഷ്യരുടെ പാപം മോചിക്കാൻ ശക്തി നല്കുന്നതുവഴി ആലാഹാ മനുഷ്യവംശത്തിനു നല്കിയ ഏറ്റം വലിയ സമ്മാനമാണിത്.

9. കഹനൂസയെകുറിച്ച് മാർ തിമോത്തി രണ്ടാൻ (1352) പറയുന്നത് എന്ത്?
കഹ്നൂസായുടെ മാധ്യസ്ഥ്യവും ആശീർവ്വാദവുമാണ് രഹസ്യങ്ങളെ സാധുവാക്കുന്ന മുദ്ര. ആലാഹാ ഈ മുദ്ര മെത്രാന്മാർക്കും പുരോഹിതന്മാർക്കുമാണ് നല്കിയിരിക്കുന്നത്.

10. 'പൗരോഹിത്യത്തെക്കുറിച്ച്' 'പരിശുദ്ധ കുർബാനയേക്കുറിച്ച്' എന്ന തലക്കെട്ടുകളിൽ നല്കിയിരിക്കുന്ന പൗരോഹിത്യത്തേക്കുറിച്ചുള്ള പ്രഭാഷണങ്ങളിൽ കഹനൂസയേക്കുറിച്ച്

വലിയ പൗരസ്ത്യ സുറിയാനി ദൈവ ശാസ്ത്രജ്ഞനായ മാർ നർസായി (502) എന്താണ് പറയുന്നത്?
പുരോഹിതരുടെ ശ്യാമീദ ദൈവകരുണയ്ക്കുള്ള താക്കോലാണ്. ആലാഹാ തന്റെ ദൈവ ത്വത്തിന്റെ മഹത്തായ മുദ്ര നൽകി, കഹനായുടെ കരങ്ങളാൽ റൂഹാദ്കുദ്ശാ ആഘോഷി ക്കപ്പെടുന്നു. പുരോഹിതന് റൂഹാദ്കുദ്ശായിൽ നിന്ന് കൈവയ്പുവഴി ശക്തി ലഭി ച്ചുവെന്നും അവനിലൂടെ എല്ലാ രഹസ്യങ്ങളും പരികർമ്മം ചെയ്യപ്പെടുന്നെന്നും മാർ നർ സായി കുറിച്ചു.

11. പൗരസ്ത്യ സുറിയാനി സഭയിൽ കൈവയ്പ് എന്തു സൂചിപ്പിക്കുന്നു?
പൗരസ്ത്യ സുറിയാനി പിതാക്കന്മാർക്ക് പരിശുദ്ധ പട്ട ക്രമത്തിന്റെ പരിശുദ്ധ അടയാളം എപ്പോഴും കൈവയ്പാണ്. പൗരോഹിത്യ കർമ്മങ്ങൾ നിർവ്വഹിക്കാനുള്ള റൂഹാദ്കുദാ ശയെ കൈവയ്പുവഴി നല്കപ്പെടുന്നു.

12. കൈവയ്പിനെക്കുറിച്ചും ശ്ലൈഹിക പിന്തുടർച്ചയേക്കുറിച്ചും മാർ ഈശോയാബ് മൂ ന്നാമൻ എന്തു പറയുന്നു?
കൈവയ്പുവഴി റൂഹാദ്കുദ്ശയും പൗരോഹിത്യ അധികാരവും ലഭിക്കുമെന്ന് അദ്ദേഹം പ്രസ്താവിച്ചു. കഹനൂസ ശ്ലീഹന്മാരുടെ തുടർച്ചയായി കൈവയ്പുവഴി ഉരുത്തിരിഞ്ഞതാണ്.

13. കഹനൂസായുടെ ശ്ലൈഹിക പിന്തുടർച്ചയേ കുറിച്ച് മാർ അബ്ദീശോ പറയുന്നതെന്ത്?
സഭാത്മകമായ കൈവയ്പുവഴിയാണ് ശ്ലൈഹിക പാരമ്പര്യം കഹനൂസയ്ക്ക് നല്കപ്പെട്ടതെന്ന് അദേഹം പറയുന്നു. കഹനുസായ്ക്ക് ആത്മീയ തൈലം നല്കപ്പെട്ട താണെന്ന് അദേഹം പ്രസ്താവിക്കുന്നു; അതായത് എണ്ണയുടെ വസ്തുവോ സത്തയോ വ ഴിയല്ല; കൈവയ്പുവഴി.

14. "സൈത്ത് മലയിൽ തന്റെ ശിഷ്യന്മാരുടെ മേൽ കൈവയ്പു നടത്തിയപ്പോൾ നമ്മുടെ കർത്താവ് കാസോലിക്കായുടെ ദൗത്യം നിർവ്വഹിച്ചു. "നീ മാനസാന്തരപ്പെട്ട് നിന്റെ സ ഹോദരങ്ങളെ ശക്തിപ്പെടുത്തണം" (ലൂക്കാ 22:32) എന്ന് ശിമയോൻ കേപ്പായോട് പറ ഞ്ഞപ്പോൾ കർത്താവ് മെത്രാപ്പോലീത്തയുടെ ദൗത്യം നിർവ്വഹിച്ചു. അവരുടെമേൽ നിശ്വ സിച്ചുകൊണ്ട് റുഹാദ്കുദ്ശയെ സ്വീകരിക്കുവിൻ എന്ന് (യോഹ 20:22) പറഞ്ഞപ്പോൾ കർ ത്താവ് മെത്രാന്റെ ദൗത്യം നിർവ്വഹിച്ചു. രണ്ടു പേരേ വീതം പ്രഘോഷിക്കാൻ അയ ച്ചപ്പോൾ കോർ എപ്പിസ്കോപ്പയുടെ ദൗത്യവും വിവിധ സ്ഥലങ്ങളിൽ മറ്റുള്ളവരെ സന്ദർ ശിച്ചപ്പോൾ അർക്കദിയാക്കോന്റെ ദൗത്യവും അന്ത്യാത്താഴ വേളയിൽ തന്റെ ശരീരം ശിഷ്യ ന്മാർക്കായി മുറിച്ചപ്പോൾ കശീശൂസായുടെ ദൗത്യവും പെസഹാദിനം ശിഷ്യന്മാരുടെ പാദ ങ്ങൾ കഴുകിയപ്പോൾ മ്ശംശാനയുടെ ദൗത്യവും ചാട്ടവാറുകൊണ്ട് കച്ചവടക്കാരെ ദൈവാ ലയത്തിൽ നിന്ന് പുറത്താക്കിയപ്പോൾ ഹെവ്പദ്യാക്കോനയുടെ ദൗത്യവും സിനഗോഗിൽ വച്ച് വിശുദ്ധ ഗ്രന്ഥം കിട്ടിയപ്പോൾ കാറോയയുടെ ദൗത്യവും കർത്താവ് നിർവ്വഹിച്ചു" ആ രാണ് മേൽപറഞ്ഞ ഉദ്ധരണിയുടെ രചയിതാവ്?
മാർ ഈശോ ബാർ ബക്ത് മെത്രാപ്പോലീത്ത (8ാം നൂറ്റാണ്ട്).

15. "പന്ത്രണ്ടു പേരെയും എഴുപതുപേരെയും തിരഞ്ഞെടുത്തപ്പോൾ കർത്താവ് ശ്ലീഹന്മാരെ വായനക്കാരാക്കി; രണ്ടുപേരെ വീതം തനിക്കു മുമ്പേ അയച്ചപ്പോൾ ഹെവ്പദ്യാക്കോനയാ ക്കി; താബോർ മലയിലേക്ക് അവരെ നയിച്ചപ്പോൾ അവരെ മ്ശംശാനയാക്കി; തന്റെ ശരീര വും രക്തവും മുറിക്കാൻ പഠിപ്പിച്ചപ്പോൾ അവരെ കശീശയാക്കി; കല്ലറയിൽ നിന്നുയിർത്ത്യ അവസാന അത്താഴ ശാലയിൽ അവരുടെ അടുത്തെത്തിയപ്പോൾ അവരെ മെത്രനാക്കി; തിബേരിയാസ് കടൽത്തീരത്ത് പ്രത്യക്ഷപ്പെട്ടപ്പോൾ അവരെ മെത്രാപ്പോലീത്തയാക്കി; ആ

ശീർവ്വദിച്ച്, സ്വർഗ്ഗാരോഹണം ചെയ്ത് റൂഹായെ അവർക്ക് നല്കിയപ്പോൾ അവരെ കാതോലിക്കോസാക്കി" ആരുടെ വാക്കുകൾ ആണിവ?
9ാം നൂറ്റാണ്ടിലെ അജ്ഞാത എഴുത്തുകാരൻ

16. കഹനൂസയുടെ ക്രമങ്ങളെകുറിച്ച മെർവിലെ ഈശോ ദാദ് (ഒൻപതാം നൂറ്റാണ്ട്) പറയുന്നതെന്ത്?
റൂഹാദ് കുദ്ശായുടെ വരവോടെ ശ്ലീഹന്മാർ പ്രധാന പൗരോഹിത്യം സ്വീകരിക്കുകയും എഴുപതു ശിഷ്യന്മാർ പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിലെ 6, 13 അദ്ധ്യായങ്ങളുടെ വിശദീകരണത്തിൽ കൈവയ്പ് ഡീക്കൻ പട്ടമായും പൗലോസിനും ബർണബാസിനുമുള്ള കൈവയ്പ് കശീശ പട്ടമായും അദേഹം വിവരിക്കുന്നു.

17. കാതോലിക്കോസ് മാർ തിമോത്തി രണ്ടാമൻ കഹ്നൂസായുടെ ക്രമങ്ങളെ പറ്റി എന്തു പറയുന്നു?
കർത്താവ് തന്നെയാണ് പൗരോഹിത്യത്തിന്റെ മൂന്നു പ്രധാന ക്രമങ്ങൾ സ്ഥാപിച്ചത്; മെത്രാൻ, പുരോഹിതൻ, ഡീക്കൻ എന്നിവ അവിടെ പരിശുദ്ധ അടയാളത്താൽ പട്ടക്രമം നല്കുന്നതും മിശിഹാ തന്നെയാണ് അവതരിപ്പിച്ചത്.

18. കഹനൂസയുടെ ശ്ലൈഹിക പിന്തുടർച്ചയേപ്പറ്റി മാർ നർസായി (502) പറയുന്നതെന്ത്?
തന്റെ സൂലാകയിൽ (സ്വർഗ്ഗാരോഹണം) കൈകൾ ഉയർത്തി അവരെ ആശിർവ്വദിച്ചുകൊണ്ട് മിശിഹാ പന്ത്രണ്ട് ശ്ലീഹന്മാരേ അഭിഷിക്തരാക്കി. ശ്ലീഹന്മാർ മിശിഹായ്ക്കായി കശീശയെ അഭിഷക്തരാക്കി.

19. കഹനൂസയുടെ പുനർ പട്ടസ്വീകരണ നിരോധനത്തേയും അനശ്വരതയേയും കുറിച്ച് സംസാരിക്കുന്ന പൗരസ്ത്യ സുറിയാനി പിതാക്കന്മാർ ആരെല്ലാം?
മാർ നർസായി, ലിബെർ പാത്രും, മാർ അബ്ദീശോ, മാർ യോഹന്നാൻ മൂന്നാമൻ കാതോലിക്കോസ്.

20. "കശീശ മെത്രാനേ കൂടാതെ കശീശയാവില്ല; മെത്രാൻ മെത്രാപ്പോലീത്തയെ കൂടാതെ മെത്രാനാവില്ല; മെത്രാപ്പോലീത്ത കാതോലിക്കോസിനെ കൂടാതെ മെത്രാപ്പോലീത്തയാവില്ല" ആരുടെ വാക്കുകൾ ആണിവ?
മാർ ഈശോയാബ് മൂന്നാമൻ.

## Week - 30 ( 9th July 2023)

1. മുൻകൂറായി ഡീക്കൻ പട്ടവും പൗരോഹിത്യവും സ്വീകരിക്കാത്ത വ്യക്തിയെ മെത്രനായി അഭിഷിക്കനാക്കുന്നത് നിയമാനുസൃതം അല്ലെന്ന് പ്രഖ്യാപിച്ചതാര്?
മാർ ഈശോയാബ് ഒന്നാമൻ.

2. മ്ശംശാന നേരെ മെത്രാനായി അഭിഷിക്തനാകുന്നത് സാക്ഷ്യപ്പെടുത്തുന്ന ഗ്രന്ഥമേത്?
അർബേലിന്റെ ക്രോണിക്കിളുകൾ.

3. എന്തുകൊണ്ടാണ് പരിശുദ്ധ ആരാധനക്രമം മുഴുവൻ മ്ശംശാന നില്ക്കണം എന്നു പറയുന്നത്?
മാലാഖായ്ക്ക് സിംഹസനമോ അധികാര കസേരയോ ഇല്ല. കർത്താവിന്റെ സിംഹാസനത്തിനു മുൻപിൽ നില്ക്കുന്ന മ്ശംശാന മാലാഖയെ സൂചിപ്പിക്കുന്നു.

4. കോർ എപ്പിസ്കോപ്പ പട്ടവും ആർച്ച് ഡീക്കൻ പട്ടവും നല്കപ്പെടുന്നത് കൈവയ്പു വഴിയല്ല മെത്രാന്റെ നിർദ്ദേശം വഴിയാണ്. താഴ്ന്ന ക്രമത്തിലെ ആരോഹണം കോർ എപ്പിസ്കോപ്പയുടെയും ഉത്തരവാദിത്വമാണ്. പക്ഷേ കോർ എപ്പിസ്കോപ്പയ്ക്ക് പുരോഹിതിരേയും ഡീക്കന്മാരെയും അഭിഷിക്തരാക്കാൻ സാധിക്കില്ല. ഇപ്രകാരം പറയുന്ന സ്രോതസ്സുകൾ ഏതെല്ലാം?
9ാം നൂറ്റാണ്ടിലെ അജ്ഞാത എഴുത്തുകാരൻ, ലീബെർ പാത്രുവും മാർ അബ്ദീശോ ബാർ ബെറീക്കായും.

5. 'കക്ര' എന്നാലർത്ഥം എന്താണ്?
നാണയങ്ങൾ അല്ലെങ്കിൽ താലന്തുകൾ.

6. സ്വർഗ്ഗീയ സഭയെപ്പറ്റിയും ഭൗമികസഭയെപ്പറ്റയും മാർ തിമോത്തി രണ്ടാമൻ പറയുന്നതെന്ത്?
സ്വർഗ്ഗീയ സഭ മൂന്നു പടികളായും ഒൻപത് ഡിഗ്രികളായും തിരിച്ചിരിക്കുന്നതുപോലെ ഭൗമീക സഭ മൂന്നു ക്രമങ്ങളായും ഓരോ ക്രമത്തിൽ മൂന്നു ഗ്രേഡുകളായും (ആകെ ഒൻപതു ഗ്രേഡുകൾ) തിരിച്ചിരിക്കുന്നു.

7. ശ്യാമീദ വഴി കശീശ എത്ര കക്ര സ്വീകരിക്കുന്നു?
കശീശ രണ്ടു കക്രകൾ കൂടി സ്വീകരിക്കുന്നു അങ്ങനെ മ്ശംസാനയുടെയും കശീശുസയുടെ രണ്ടും ഉൾപ്പെടുന്ന മൂന്നു കക്രായുണ്ട്. ഇതു വഴി ദൈവീകകർമ്മങ്ങൾ, കൂദാശകൾ (മാമോദീസ, കുർബാന) പ്രസംഗം, ശിഷ്യത്വം എന്നിവ പൂർത്തീകരിക്കുന്നു.

8. ശ്യാമീദ വഴി മെത്രാൻ എത്ര കക്ര സ്വീകരിക്കുന്നു?
മെത്രാൻ രണ്ടു കക്രാ കൂടി കൂടുതൽ സ്വീകരിക്കന്നു. നിലവിലുള്ള മൂന്നു കക്രാകളും കൂട്ടി ആകെ അഞ്ചു കക്രാ ആകും.

9. കഹനൂസായുടെ താലന്തുകളെ പൗരസ്ത്യ സുറിയാനി പിതാക്കന്മാർ എന്തിനോടാണ് താരതമ്യം ചെയ്യുന്നത്?
അഞ്ചു കക്രാകൾ താര്തമ്യപ്പെടുത്തുന്നത്; തോറായിലെ അഞ്ചു പുസ്തകങ്ങളോട്, മനുഷ്യ ശരിരത്തിലെ അഞ്ച് ഇന്ദ്രീയങ്ങളോട്, കൈയിലെ അഞ്ചു വിരലുകളോട്; ദൈവീക പദ്ധതിയുടെ അഞ്ചു ഘടകങ്ങളോട്; ആദ്യം ആദം മുതൽ പ്രളയം വരെ,

രണ്ടാമത് അബ്രാഹം വരെ, മൂന്നാമത് മൂശവരെ, നാലാമത് മിശിഹാ വരെ, അഞ്ചാമത് മിശിഹായുടെ മാമോദീസാ മുതൽ മിശിഹായുടെ രണ്ടാം ആഗമനം വരെ.

10. കഹ്നൂസായുടെ കക്രായെപ്പറ്റി വിശദമായി സംസാരിക്കുന്ന പൗരസ്ത്യ സുറിയാനി പിതാക്കന്മാർ ആരെല്ലാം?
മെർവിലെ മാർ ഈശോ ദാദും മാർ ഈശോയാബ് ഒന്നാമനും.

11. മെത്രാനെ കൂടാതെ കശീശയെകുറിച്ച് എഴുതിയിരിക്കുന്ന ഏറ്റവും പുരാതനമായ പൗരസ്ത്യ സുറിയാനി സ്രോതസ്സ് ഏതാണ്?
എഡി 151 ന് ശേഷമുള്ള അർബേലയിലെ ക്രോണിക്കളുകളിൽ ആണ് കശീശ എന്ന പദം ആദ്യമായി കാണുന്നത് അതുവരെ സഭയിലെ മെത്രാന്മാരേകുറിച്ചേ എഴുതപ്പെട്ടിട്ടുള്ളു.

12. ഹെവ്പദ്യാക്കോനയെകുറിച്ചെഴുതുന്ന ഏറ്റം പുരാതനമായ പൗരസ്ത്യ സുറിയാനി സ്രോതസ്സ് ഏതാണ്?
എഡി 450ലെ കിനായിലെ മാർ അബ്ബായുടെ രക്താസക്ഷിത്വ വിവരണത്തിലാണ് ആദ്യമായി അതുകാണുന്നത്.

13. മൂന്നു പ്രധാന ക്രമങ്ങൾ കൂടാതെ കഹ്നൂസായുടെ ക്രമങ്ങളെ പറ്റി പ്രതിപാദിക്കുന്ന ഏറ്റവും പുരാതന രേഖയേത്?
മാർ അവ്വാ കാതോലിക്കോസിന്റെ (552) ജീവിചരിത്രം. 'സഭയിലെ മറ്റു ക്രമങ്ങൾ' എന്ന് പേരു പറയാതെ അവിടെ പരമാർശിക്കുന്നു.

14. കാതോലിക്കോസ്, മെത്രാപ്പോലീത്ത, മെത്രാൻ എന്ന് എപ്പിസ്കോപ്പസിയെ വേർതിരിച്ച സൂനഹദോസ് ഏത്?
മാർ ഈശോയാബ് ഒന്നാമന്റെ (585) സൂനഹദോസ്.

15. ആരാണ് മാലാഖമാരുടെ മൂന്നു ക്രമങ്ങൾക്കനുസൃതമായി കഹ്നൂസായുടെ മൂന്നു ക്രമങ്ങളെ, മെത്രാൻ, കശീശ, മ്ശംശാന, അവതരിപ്പിച്ചത്?
ബസ്റായിലെ മാർ സലോമോൻ.

16. മാലാഖാ വൃന്ദത്തോട് കഹ്നൂസായുടെ ഒൻപത് ക്രമങ്ങളെ ആദ്യം താരതമ്യം ചെയ്ത പൗരസ്ത്യ സുറിയാനി പിതാക്കന്മാർ ആരെല്ലാം?
മാർ ഈശോ ബക്ത് (എട്ടാം നൂറ്റാണ്ട്) മാർ യോഹന്നാൻ ബർ സോബി (13 ാം നൂറ്റാണ്ട്)

17. കഹ്നൂസായുടെ മൂന്നു ക്രമങ്ങളെ ലിബെർ പാത്രും എപ്രകരം വേർതിരിക്കുന്നു?
സൈമൺ ബർ സബ്ബയടെയെന്ന് കരുതപ്പെടുന്ന ലിബെർ പാത്രും ഓരോ ക്രമത്തേയും മൂന്നു ഡിഗ്രികളായി താരതമ്യപ്പെടുന്നുന്നു ഇത് കൃത്യമായും മാലാഖമാരുടെ ക്രമങ്ങൾക്കും ഡിഗ്രികൾക്കുമനുസൃതമായാണ്.
ആദ്യ ക്രമം: പ്രധാന പുരോഹിതർ (കാതോലിക്ക, മെത്രാപ്പോലീത്ത, മെത്രാൻ)
രണ്ടാം ക്രമം: കശീശ (കോർ എപ്പിസ്കോപ്പ, വിസിറ്റേറ്റർമാർ, കശീശ)
മൂന്നാം ക്രമം: ശുശ്രൂഷകർ (മ്ശംശാന, ഹെവ്പദ്യാക്കോന, കാറോയ)

18. 9 ാം നൂറ്റാണ്ടിലെ അജ്ഞാത എഴുത്തുകാരൻ പൗരസ്ത്യ സുറിയാനി പൗരോഹിത്യക്രമങ്ങളെ എപ്രകാരം വേർതിരിക്കുന്നു?
കാറോയ, ഹെവ്പദ്യാക്കോന, മ്ശംശാന
കശീശ, പെരിയാദോത്ത, കോർ എപ്പിസ്കോപ്പ
മെത്രാൻ, മെത്രാപ്പോലീത്ത, കാതോലിക്കോസ്.

19. മാലാഖയോട് ബന്ധിച്ച് കശീശൂസായെപ്പറ്റി ഒൻപതാം നൂറ്റാണ്ടിലെ അജ്ഞാത എഴുത്തുകാരൻ എന്തു പറയുന്നു?
മാലാഖായുടെ ശുശ്രൂഷയേക്കാൾ ഉയർന്നതാണ് കശീശയുടെ ശുശ്രൂഷ. സ്റാപ്പാ (സെറാഫ്) തിളങ്ങുന്ന കരിയിൽ കൊടിൻകൊണ്ട് തൊട്ടത്, പരിശുദ്ധ കുർബാനയുടെ മാതൃകയോ സൂചനയോ ആണ്. ഈ ഉദാഹരണത്തിന്റെ പൂർത്തീകരണം മറ്റൊരു തലത്തിൽ കശിശ പരിശുദ്ധ കുർബാന വിതരണം ചെയ്യുന്നതാണ്. ഗബ്രിയേൽ റൂഹാദ്കൂദ്ശയെ വിളംബരം ചെയ്തപ്പോൾ കശീശ റൂഹാദ്കൂദ്ശയെ ക്ഷണിക്കുന്നു.

20. പൗരസ്ത്യ സുറിയാനി പൗരോഹിത്യ ക്രമങ്ങളെ മാർ തിമോത്തി രണ്ടാമൻ എപ്രകാരം തരം തിരിക്കുന്നു?
കാതോലിക്കോസ്, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ; കശീശ, മ്ശംശാന, ഹെവ്പദ്യാക്കോന; വായനക്കാരൻ, ഗായകൻ, ഭൂതോച്ചാടകൻ.